## ഉപസംഹാരം

നാം 51–ാം അദ്ധ്യായവും എഴുതികഴിഞ്ഞു. ഇനി നമുക്ക് അവസാനത്തെ അദ്ധ്യായത്തിലേക്ക് പ്രവേശിക്കാം. ഇതിൽ ഹേമദ്പാന്ത് ഒരു ഉപസംഹാരം ആഖ്യായികയും ഒരു കാവ്യരൂപത്തിലുള്ള സൂചികയും കൊടുക്കുന്നുണ്ടെന്നു പറയുന്നു. അങ്ങനെ മറാത്തി ഗ്രന്ഥങ്ങളിൽ സാധാരണ പതിവുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ വിഷയസൂചിക ഹേമദ്പാന്തിന്റെ കടലാസ്സുകളിൽ കാണാനില്ലായിരുന്നു. അതുകൊണ്ട് ആ ഭാഗം താനെയിലെ മംലത്ത്ദാറും ബാബയുടെ വലിയ ഭക്തനുമായിരുന്ന ബി. വി. ദേവ് രചിച്ച് കൂട്ടിച്ചേർത്തു. നാം ഗ്രന്ഥത്തിൽ തുടക്കത്തിൽ തന്നെ ഒരു ഉള്ളടക്കപട്ടികയും ഓരോ അദ്ധ്യായത്തിന്റെ തുടക്കത്തിലും വിഷയസൂചികയും കൊടുക്കുന്നതുകൊണ്ട് വിഷയസൂചികയുടെ അദ്ധ്യായം ഇവിടെ പരിഗണിക്കേണ്ടതില്ലാത്തതിനാൽ ചേർക്കുന്നില്ല. അതുകൊണ്ട് അവസാനത്തെ അദ്ധ്യായത്തെ നമുക്ക് ഉപസംഹാരമായി പരിഗണിക്കാം. ഈ അദ്ധ്യായത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ച് പ്രസ്സിൽ കൊടുക്കാൻ നിർഭാഗ്യവശാൽ ഹേമദ്പാന്ത് ജീവിച്ചിരിപ്പില്ലായിരുന്നു. അത് പ്രസ്സിലേക്കയച്ചപ്പോൾ മിസ്റ്റർ ദേവ് അപൂർണ്ണവും മനസ്സിലാവാൻ പ്രയാസമുള്ളതുമായ ചിലഭാഗങ്ങൾ കണ്ടുവെങ്കിലും അത് അങ്ങനെതന്നെ പ്രസിദ്ധപ്പെടുത്തേണ്ടി വന്നു. പ്രധാന വിഷയങ്ങൾ പ്രതിപാദിക്കപ്പെട്ടത് താഴെ ചുരുക്കത്തിൽ കൊടുക്കുന്നു.

### സദ്ഗുരുസായിയുടെ മാഹാത്മ്യം

സകല ചരാചരങ്ങളിലും വ്യാപൃതനായും വിശ്വരൂപിയായും, ബ്രഹ്മാവിനും തൃണങ്ങൾക്കും പാത്രങ്ങൾക്കും, വീടുകൾക്കും, മണിമാളികകൾക്കും, ആകാശത്തിനും എല്ലാം തന്നെ അവലംബമായും യാതൊരു പക്ഷഭേദവും കൂടാതെ സകല ജീവികളിലും വ്യാപൃതനായും

എല്ലാ ഭക്തന്മാരെയും ഒരുപോലെ വീക്ഷിച്ചും, പ്രശംസയും അധിക്ഷേപവും സ്നേഹവും വെറുപ്പും ഒരുപോലെ കണക്കാക്കിയും, വാണരുളുന്ന സായി സമർത്ഥിനെ നാം സാഷ്ടാംഗം പ്രണാമം ചെയ്ത് അഭയകേന്ദ്രമാക്കുക. നാം സായിബാബയെ സ്മരിച്ച് ആത്മാർപ്പണം ചെയ്താൽ സായിബാബ നമ്മുടെ ഇംഗിതങ്ങളെല്ലാം നിറവേറ്റി നമ്മെ ജീവിതലക്ഷ്യം പ്രാപിക്കാൻ കെല്പുള്ളവരാക്കുന്നു.

സംസാരസാഗരം ദുസ്തരമാണ്. മോഹങ്ങളുടെ അല, ദുർവിചാരങ്ങളുടെ തീരത്ത്, ആഞ്ഞടിച്ച് ധൈര്യമാകുന്ന വൃക്ഷങ്ങളെ പുഴക്കിവീഴ്ത്തുന്നു. അഹംഭാവത്തിന്റെ കാറ്റ് ആഞ്ഞടിച്ച് സാഗരത്തെ, കോളിളക്കവും ഭീകരത്വവു മുള്ളതാക്കുന്നു. കോപത്തിന്റെയും, വിദ്വേഷത്തിന്റെയും രൂപത്തിലുള്ള മുതലകൾ അവിടെ സ്വച്ഛന്ദം വിഹരിക്കുകയാണ്. 'ഞാൻ, എന്റെ' എന്നീ ഭാവങ്ങളിലുള്ള ചുഴലിക്കാറ്റ് അവിടെ അനവരതം അടിച്ചുകൊണ്ടിരിക്കുകയാണ്. നിയന്ത്രണം, വിദ്വേഷം, അസൂയ, എന്നീ രൂപങ്ങളിലുള്ള അസംഖ്യം മത്സ്യങ്ങൾ അവിടെ കളിയാടുന്നു. ഈ സമുദ്രം അത്ര മാത്രം ഭയാനകവും ഭീഭത്സവുമാണെങ്കിലും സദ്ഗുരുസായി അവിടെ അതിന്റെ അഗസ്ത്യനായിട്ടുണ്ട് (അഗസ്ത്യൻ സമുദ്രം കുടിച്ച് വറ്റിച്ചു). അതുകൊണ്ട് സായിഭക്തന്മാർക്ക് അതിനെ ഭയപ്പെടേണ്ടതില്ല. നമ്മുടെ സദ്ഗുരു, ഈ ദുസ്തരമായ ഭവസാഗരം കടത്തിവിടാനുള്ള നൗകയാണ്.

## പ്രാർത്ഥന

നമുക്ക് ബാബയുടെ മുന്നിൽ കമിഴ്ന്നടിച്ചു വീണ് ബാബയുടെ പാദങ്ങൾ പിടിച്ച് ലോകനന്മക്കായി ഇങ്ങനെ പ്രാർത്ഥിക്കാം 'ഞങ്ങളുടെ മനസ്സ് അലഞ്ഞ് തിരിയാതെ നിന്ന്, അവിടുത്തെയല്ലാതെ മറ്റൊന്നും കാംക്ഷിക്കാതിരിക്കട്ടെ. ഈ സച്ചരിതം എല്ലാ വീടുകളിലും ഉണ്ടായി അതിനെ

നിത്യപാരായണം ചെയ്യട്ടെ. ഇത് മുടങ്ങാതെ വായിക്കുന്നവരുടെ ദുരിതങ്ങൾ അവസാനിക്കട്ടെ.

## ഫലശ്രുതി

ഈ പുസ്തകം വായിച്ചാലത്തെ ഫലത്തെപറ്റി കുറച്ചു പറയട്ടെ. ഗോദാവരിയിൽ സ്നാനം ചെയ്ത്, ഷിർദ്ദിയിൽ സമാധിമന്ദിരത്തിൽ ചെന്ന് സമാധി ദർശിച്ച്, സായിസച്ചരിതം വായിക്കുകയോ വായിക്കുന്നത് കേൾക്കുകയോ ചെയ്യുക. നിങ്ങളങ്ങനെ ചെയ്താൽ നിങ്ങളുടെ ത്രിഗുണിത പാപങ്ങളും തീരും. സായിയുടെ കഥകൾ യദൃച്ഛയാ സ്മരിച്ചാൽ പോലും നിങ്ങൾക്ക് നിങ്ങളറിയാതെതന്നെ ആദ്ധ്യാത്മികജീവിതത്തിൽ താല്പര്യം വന്നുചേരും. എന്നിട്ട് നിങ്ങൾ ഭക്തിയോടുകൂടി ഈ ഗ്രന്ഥം വായിച്ചാൽ നിങ്ങളുടെ സമസ്തപാപങ്ങളും ഒടുങ്ങും. നിങ്ങൾക്ക് ജനനമരണാദികൾ അവസാനിപ്പിക്കണമെങ്കിൽ സായിയുടെ കഥകൾ വായിച്ച്, ബാബയെ സദാ സ്മരിച്ച് ബാബയുടെ പാദങ്ങളിൽ ബന്ധനരാകുവിൻ. നിങ്ങൾ സായികഥാ സാഗരത്തിൽ ആഴത്തിൽ മുങ്ങി മറ്റുള്ളവർക്ക് അവ പ്രദാനം ചെയ്താൽ നിങ്ങൾക്ക് എന്നും പുതിയ പുതിയ അനുഭൂതികളുണ്ടാവുന്നതും അവ ശ്രദ്ധിക്കുന്നവരെ നരകത്തിൽ നിന്ന് രക്ഷിക്കാൻ കഴിയുന്നതുമാണ്. നിങ്ങൾ സായിയുടെ രൂപത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നാൽ ക്രമേണ ആ രൂപം ആ മനസ്സിൽനിന്ന് മാഞ്ഞ് നിങ്ങളെ ബ്രഹ്മജ്ഞാന ത്തിലേക്ക് നയിച്ചുകൊള്ളും. ബ്രഹ്മത്തെയും ആത്മനേയും പറ്റി ബോധവാനാകുന്നത് വളരെ വിഷമം പിടിച്ച കാര്യമാണ്. നിങ്ങൾ സഗുണ ബ്രഹ്മത്തെ സായിരൂപത്തിൽ ധ്യാനിച്ചാൽ അത് എളുപ്പമാണ്. ഭക്തൻ പൂർണ്ണമായി തന്നത്താൻ ബാബക്ക് അടിയറ വെച്ചാൽ അവന്റെ വ്യക്തിത്വം തിരോധനം ചെയ്ത് ബാബയിൽ, നദി സമുദ്രത്തിലെന്നപോലെ വിലയിച്ച്, ബാബയുമായി ഐക്യം പ്രാപിക്കും. നിങ്ങൾ ജാഗ്രത്തിലോ, സ്വപ്നത്തിലോ, സുഷുപ്തിയിലോ അങ്ങനെ ബാബയോട് ലയിച്ചാൽ നിങ്ങൾക്കു സംസാരബന്ധം

ഇല്ലാതാവുന്നു. യാതൊരുവൻ സ്നാനശേഷ ഈ സച്ചരിതം പ്രേമത്തോടും ഭക്തിയോടും കൂടി വായിച്ച് ഒരാഴ്ചകൊണ്ട് പൂർത്തിയാക്കുന്നുവോ അവന്റെ സകല ദുരിതങ്ങളും അവസാനിക്കും. മറിച്ച് ഈ പുസ്തകം നിത്യപാരായണം ചെയ്യുകയോ പാരായണം ചെയ്യുന്നത് നിത്യവും ശ്രദ്ധിച്ച് കേൾക്കുകയോ ചെയ്താൽ അയാൾക്ക് യാതൊരപകടവും സംഭവിക്കുന്നതല്ല. ഇത് വായിച്ചുകൊണ്ട് ഒരാൾ ധനത്തിനാഗ്രഹിച്ചാൽ അയാൾക്ക് ധനം ലഭിക്കും.വ്യാപാരികൾ വിജയം കൈവരിക്കാം. ഓരോരുത്തർക്കും അവരവരുടെ ഭക്തി വിശ്വാസങ്ങൾക്കനുസരിച്ച് ഫലം കിട്ടും. ഇതുകളെ കൂടാതെ മറ്റൊരു തരത്തിലുള്ള അനുഭവങ്ങളും ഉണ്ടാവാനില്ല. ബഹുമാനപുരസ്സരം ഇതുവായിച്ചാൽ, സായി പ്രസാദിച്ച് നിങ്ങളുടെ അജ്ഞാനവും ദാരിദ്ര്യവും ഇലായ്മചെയ്ത് ജ്ഞാനവും ധനവും സമൃദ്ധിയും പ്രദാനം ചെയ്യും. ശ്രദ്ധയോടു കൂടി ദിവസം പ്രതി ഓരോ അദ്ധ്യായം വീതം വായിച്ചാൽ, അത് സീമാതീതമായ ആനന്ദം പ്രദാനം ചെയ്യും. അവനവന്റെ നേട്ടത്തെ കാംക്ഷിക്കുന്നവൻ ഇത് ശ്രദ്ധാപൂർവ്വം വായിച്ചാൽ സായിസ്മരണ സകലജന്മങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കും. ഈ പുസ്തകം വീട്ടിൽവെച്ച് പ്രത്യേകിച്ചും ഗുരുപൗർണ്ണമി, ഗോകുലാഷ്ടമി, രാമനവമി, ദസറ എന്നീ അവസരങ്ങളിൽ വായിക്കണം. ഈ ഒരേ ഒരു ഗ്രന്ഥം മാത്രം പാരായണം ചെയ്താൽ നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും സാധിക്കുന്നതും, നിങ്ങൾ സദാസായിപാദങ്ങളെ സ്മരിച്ചാൽ ഭവസാഗരം എളുപ്പത്തിൽ തരണം ചെയ്യാൻ കഴിയുന്നതുമാണ്. ഇത് വായിച്ചുകൊണ്ടിരുന്നാൽ രോഗാതുരൻ ആരോഗ്യവനാവുകയും ദരിദ്രൻ ധനികനാവുകയും കഷ്ടതയുള്ളവന് സമൃദ്ധി ലഭിക്കുകയും മനസ്സിലെ ദുർവാസനകൾ നശിച്ച് സ്ഥിരത ലഭിക്കുകയും ചെയ്യും.

പ്രിയപ്പെട്ടവരും നല്ലവരുമായ വായനക്കാരെ, ശ്രോതാക്കളെ! ഞങ്ങൾ നിങ്ങളെയും വണങ്ങി ഒരു പ്രത്യേക

അപേക്ഷ അറിയിക്കട്ടെ നിങ്ങൾ ആരുടെ കഥ, ദിനം പ്രതിയും, മാസം പ്രതിയും വായിക്കുന്നുവോ, ആ ദേവനെ ഒരിക്കലും വിസ്മരിക്കാതിരിക്കുവിൻ. എത്രമാത്രം ഔൽസുകൃത്തോടുകൂടി നിങ്ങൾ വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുവോ അത്രമാത്ര ഔൽസുക്യം സായിബാബ നിങ്ങൾക്ക് സേവനം ചെയ്യുന്നതിലും നിങ്ങളെ സഹായിക്കുന്നതിലും കാണിക്കുന്നു. ഗ്രന്ഥകർത്താവും വായനക്കാരും ഈ ഉദ്യമത്തിൽ സഹകരിച്ച് അന്യോന്യം സഹായിച്ച് സന്തുഷ്ടരാവട്ടെ.

**പ്രസാദയാചന**

താഴെ വിവരിക്കുന്ന പ്രസാദന സമ്പാദനത്തിനായി ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകം ഉപ സംഹരിക്കാം.-വായനക്കാർക്കും ഭക്തന്മാർക്കും പൂർണ്ണവും ഹൃദയംഗമവുമായ ഭക്തി സായിപാദങ്ങളിലുണ്ടാവട്ടെ. ആ ദേവന്റെ രൂപം സദാ ദൃഷ്ടിയിൽ അവർക്കുറച്ചു കിട്ടട്ടെ. അവർ സായിയെ സകലജീവജാലങ്ങളിലും ദർശിക്കട്ടെ. ആമെൻ!

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ!

## ആരതി

ഓ സായിബാബ! ജീവന്മാർക്ക് ആനന്ദം പ്രദാനം ചെയ്യുന്ന അവിടുത്തേക്ക് ഞങ്ങൾ ആരതികാണിക്കുന്നു. അവിടുത്തെ ദാസന്മാരും ഭക്തന്മാരുമായ ഞങ്ങൾക്ക് അവിടുത്തെ പാദരേണുക്കളിൽ വിശ്രമം തന്നാലും. ആശകളെ ദഹിപ്പിച്ച്, അവിടുന്ന് ബ്രഹ്മത്തിൽ ലയിച്ച് ഭഗവാനെ അന്വേഷകർക്ക് കാണിച്ചുകൊടുക്കുന്നു. ഓരോരുത്തരുടെ ഭക്തിയുടെ തീഷ്ണത അനുസരിച്ച് അവിടുന്നു അനുഭൂതികളും അനുഭവങ്ങളും പ്രദാനം ചെയ്യുന്നു. കരുണാഹൃദയാ, ഭഗവാന്റെ ശക്തി അത്തരത്തിലുള്ളതാണ് ! അവിടുത്തെ പേരിൽ ധ്യാനിച്ചാൽ സംസാരഭയം അകന്നുപോകുന്നു. അവിടുത്തെ പ്രവർത്തന പദ്ധതി അനിർവർണ്ണനീയമാണ്. അവിടുന്ന് സദാ ദരിദ്രരെയും നിസ്സഹായരേയും സഹായിക്കുന്നു. ഈ കലിയുഗത്തിൽ സർവ്വാന്തർയ്യാമിയായ ദത്തൻ സഗുണ ബ്രഹ്മമായി അവതരിച്ചതാണ്, അവിടുന്ന്, വ്യാഴാഴ്ചതോറും അങ്ങയുടെ അടുക്കൽ വരുന്ന ഭക്തന്മാരുടെ സംസാരഭയം അകറ്റി അവരെ ഭഗവൽപാദങ്ങളെ കാണുമാറാക്കിയാലും. ഹേ ദേവാധി ദേവ! എന്റെ ധനസഞ്ചയം അവിടുത്തെ പാദസേവയായിത്തീരട്ടെ. കാർമേഘം ചാതകപക്ഷിക്ക് ശുദ്ധജലം പാനം ചെയ്യാൻ നൽകുന്നതുപോലെ* മാധവനെയും ആനന്ദത്തെ പാനം ചെയ്യിച്ച് അവിടുത്തെ വാക്കുകൾ പരിപാലിച്ചാലും . ആമേൻ

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ!

## ആരതി (മറാത്തിയിൽ)

ആരതീ സായിബാബ സൗഖ്യദാതാരജീവാ-

ചരണരജതാലിം ദ്യാവാ ദാസാം വിസാംവാ, ഭക്താം

വിസാം വാ (ആരതി)

ജാളുനിയാം അനംഗ-സ്വസരൂപീം രാഹേ ഭംഗ-

മുമുക്ഷുജനാം ഭാവി-നിജഡോളാംശ്രീരംഗ-(ആരതി)

ജയാ മനീംജൈസാഭാവ ദയാതൈസാ അനുഭവ-

ദാവിസി ദയാധനാ-ഐസെ തുഛരീഹിമാവ (ആരതി)

തുമ്ചേം നാമധ്യാതാം - ഹരെ സംസൃതിവ്യധാ-

അഗാധ്തവകരണീ-മാർഗ്ഗദാവിസീ അനാഥാ-(ആരതി)

കലിയുഗിം അവതാര-സഗുണപരബ്രഹ്മസാചാര-

അവതീർണ്ണഝാലാസെ-സ്വാമീദത്ത ദിഗംബര്-(ആരതി)

ആഠാം ദിവസാം ഗുരുവാരീം-ഭക്തകരീതിവാരീ-

പ്രഭുപദ് പഹവയാ-ഭവഭയനിവാരീ-(ആരതി)

മാ ഝാ നിജദ്രവ്യഠേവാ-തവ ചരണരജസേവാ

മാഗണേം ഹോചി ആതാം-തുംഹാം ദേവാധിദേവാ-(ആരതി)

ഇച്ഛിതദീന ചാതക് - നിർമ്മല് തോയനിജ സുഖ്-

പാജോവേം മാധവായ - സാംഭള ആപുലീഭാക് - (ആരതി)

സമാപ്തം



# ഷിർദ്ദി സായിറാം സനസ്ഥാൻ

ദക്ഷിണ ഷിർദ്ദി, തിരുവില്വാമല.

---

ഒന്നര നൂറ്റാണ്ടിനുമുമ്പ് അഹമ്മദ് നഗറിൽ ഷിർദ്ദിയിൽ പ്രത്യക്ഷപ്പെട്ട യുവയോഗി ഭാരതത്തിലെ മുഴുവൻ സായി ഭക്ത ന്മാരുടെയും താങ്ങും തണലുമായിത്തീർന്ന കഥയാണ് ശ്രീ ഷിർദ്ദി സായിബാബയുടേത്. കേരളത്തിൽ സായി ഭക്തന്മാർക്ക് ആശാകേന്ദ്രമായി ആശ്വാസമരുളുന്ന ദക്ഷിണ ഷിർദ്ദിയുടെ കഥയും ഒട്ടും വ്യത്യസ്തമല്ല. ഭക്തന്മാരെ ആനന്ദാമൃതത്തിലാ റാടിക്കുന്ന ഷിർദ്ദി സായിബാബയ്ക്ക് കേരളത്തിലും ഒരു ക്ഷേത്രം വേണം എന്ന ആഗ്രഹം ഇതാ തിരുവില്വാമല ശ്രീ വില്വാദ്രി നാഥ ക്ഷേത്രത്തിന്ന് സമീപംതന്നെ സഫലമായിരിക്കുന്നു. തിരു വില്വാമല ക്ഷേത്രത്തിൽ ശ്രീ വിലനാദ്രിനാഥ, ആഞ്ജനേയർ, ശിവശക്തി, ശ്രീ ഗുരുവായൂരപ്പൻ എന്നീ ദേവന്മാരു ടെ എല്ലാ സാന്നിദ്ധ്യവും ഉണ്ടെന്നാണ് വിശ്വാസം. ഈ വിശ്വാസത്തെ ഊട്ടി യുറപ്പിക്കുകയാവാം ശ്രീ കൃഷ്ണ - രാമ - ശിവ - മാരുത്യാദി ശക്തിയുക്തനായ ശ്രീ സായിബാബയുടെ സാന്നിദ്ധ്യവും തൊട്ട ടുത്തുള്ള പറക്കോട്ട് കാവിൽ ദേവീ സാന്നിദ്ധ്യവും ഓർമ്മിക്ക തക്കതുതന്നെ.

ഇങ്ങനെ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്തിലെയും ശ്രീ പറക്കോട്ട് കാവിലെയും ആഘോഷങ്ങളിൽ അവരോടൊപ്പംത്തന്നെ പങ്കുകൊണ്ടും സദ്ഗുരു സായിബാബയും ഭക്തജനങ്ങൾക്കെല്ലാം തന്നെ അഭിവന്ദ്യനായിത്തീർന്നതിൽ ഒട്ടും അതിശയമില്ല. സനാതന സത്യത്തിലേയ്ക്ക് വഴികാണിക്കുന്ന സൽക്കർമ്മങ്ങളുടെ ഫലം എന്നും നശിക്കാതെ നിലനിൽക്കുമെന്നുതന്നെയാണ്. ഈ ക്ഷേത്രം പണിതുയർത്തിയ സ്ഥലം തിരഞ്ഞെടുത്തതിൽ നിന്നും ഊഹിക്കേണ്ടത്. പണ്ടേയ്ക്കു പണ്ടേ വൈദികകർമ്മങ്ങൾ നടന്നിരുന്ന സ്ഥലമാണെന്നും രത്നാകര ഭൂമിയാണെന്നുമാണ് പ്രമുഖ ജ്യോത്സ്യമാരുടെ നിഗമനം.

ശ്രീ ഷിർദ്ദി സായിബാബയുടെ അനുഗ്രഹം വേണ്ടത്ര സിദ്ധിച്ചിട്ടുണ്ട് ഈ സ്ഥലത്തിനെന്നതും സ്മരിക്കേണ്ടതുണ്ട്. കുടിവെള്ളത്തിന് നന്നേ കഷ്ടപ്പെടുന്ന തിരുവില്വാമലയിൽ 1988ൽ ഡിസംബർ 22-ന് ദത്താത്രേയ ജയന്തി ദിനത്തിൽ ഈ ക്ഷേത്രത്തിന് തറക്കല്ലിട്ടു. ശ്രീ സായിബാബയുടെ ധുനിയിലെ ഭസ്മം കൊണ്ട് വന്ന് പ്രത്യേക സ്ഥലത്ത് നിക്ഷേപിച്ചു കുഴിച്ച കുഴൽക്കിണർ ഇന്നും ക്ഷേത്രാവശ്യങ്ങൾക്ക് മാത്രമല്ല ചുറ്റുവട്ടത്തുള്ളവർക്കും ആശ്വാസമരുളുന്ന സായിഗംഗയായിത്തന്നെ നിലകൊള്ളുന്നു. തനിക്കും തന്റെ ആശ്രിതർക്കുംവേണ്ടി ഭിക്ഷയെടുത്തുകൊണ്ടിരുന്ന ആ യഥാർത്ഥ ഭിക്ഷുവിന്റെ സാന്നിദ്ധ്യമുള്ള ഈ മന്ദിരത്തിൽ വ്യാഴാഴ്ചതോറും ആയിരകണക്കിൽ ഭക്തജനങ്ങൾക്ക് കൊടുക്കുന്ന അന്നദാനം ആ മഹാത്മാവിന്റെ അനുഗ്രഹത്തിന് മറ്റൊരു ഉദാഹരണമാണ്.

നടത്തിപ്പുകാർ തന്നെ വളരെ അത്ഭുതത്തോടെയാണ് അന്നദാനത്തെക്കുറിച്ച് പറയാറുള്ളത്. മുൻകൂറായിത്തന്നെ ഓരോ ആഴ്ചയ്ക്കും അന്നദാനം നടത്തുവാൻ ഭക്തന്മാർ തയ്യാറാവുന്നു. വേനലും വറുതിയുമറിയാതെ സാധനങ്ങൾ എത്തിച്ചുതരുന്നു. കൊട്ടിഘോഷിക്കാതെ തന്നെ ഭക്തജനങ്ങൾ ധാരാളമായി കൃത്യസമയത്തിന് എത്തുന്നു. ബാബയുടെ അനുഗ്രഹത്തിനു

പാത്രീഭൂതരായി സംതൃപ്തിയോടെ തിരിച്ചുപോകുന്നു. ഞങ്ങൾ വെറും കയ്യാളുകൾ മാത്രം, വരുന്നവർക്കെല്ലാം തൃപ്തി നൽകത്തക്കവണ്ണം ആഴ്ചതോറും നടന്നു വരുന്ന ഈ അന്നദാനം ബാബയുടെ ദിവ്യാനുഗ്രഹങ്ങളിൽ ഒന്നായിതന്നെ കരുതണം.

മഹാരാഷ്ട്രയിലെ ഷിർദ്ദി സായി മന്ദിരത്തിലെ പ്രധാന പൂജാരികൾ ഈ ക്ഷേത്രം സന്ദർശിക്കുകയും ഇവിടുത്തെ ശ്രീ സായി സാന്നിദ്ധ്യത്തെ പ്രത്യേകം കണ്ടറിയുകയും ചെയ്തതിന്റെ ഫലമാണ് ഈ മന്ദിരത്തിന്നു നൽകിയ '**ദക്ഷിണ ഷിർദ്ദി**' എന്ന നാമം. വർഷംതോറും **പ്രതിഷ്ഠാദിനം, രാമനവമി, ഗുരുപൗർണമി,** സമാധിദിനം, വിദ്യാരംഭം തുടങ്ങിയ വിശിഷ്ട ദിനങ്ങളെല്ലാം തന്നെ സമുചിതമായി ആഘോഷിക്കുന്നുണ്ട്. കൂടാതെ ആരോഗ്യ പരിപാലനത്തിന് പലതരം മെഡിക്കൽ പരിശോധനാ ക്യാമ്പുകളും നടത്തുന്നുണ്ട്.

## ജയ ജയ സായിറാം

ഭാരതപുഴയുടെ കുളിർക്കാറ്റേറ്റ് വളരുന്നൊരു ഗ്രാമപ്രദേശം. തോടുകളും പുഴകളുംകൊണ്ട് അതിര് തിരിച്ച് ഒറ്റപ്പെട്ടുകിടന്നിരുന്നൊരു കുന്നിൻ പ്രദേശം. തൃശ്ശൂർ ജില്ലയുടെ നെല്ലറയായെന്നറിയപ്പെടാവുന്നത്ര സമൃദ്ധമായ വയലേലകൾ. ഇന്ന് രാപ്പകൽ ഭേദമില്ലാതെ ചീറിപ്പായുന്ന നാനാതരം വാഹനങ്ങളുടെ കാതടപ്പൻ ശബ്ദം. എങ്ങുനോക്കിയാലും കണ്ണും കരളും കവരുന്ന പ്രകൃതിഭംഗി. പുണ്യപുരാതന മഹാക്ഷേത്രമായ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്താൽ പേർ പുകഴുന്ന തിരുവില്വാമലയാണ് ഈ പ്രദേശം.

ഭൂതമലയും, വില്വമലയും, മുരിക്കുന്ന് മറ്റുപല കുന്നുകളും കൈകോർത്ത് കിടക്കുന്നത് ഇവിടെയാണ്. നിളാ നദി താരാട്ട് പാടി ഒഴുകുന്നത് ഇവിടെയാണ്. രാജരാജേന്ദ്ര പ്രതാപനായ ശ്രീ വില്വാദ്രിനാഥ ക്ഷേത്രത്തിൽ നിന്നും ശംഖധ്വനി കേട്ടുണരുന്ന പ്രദേശം. അടുത്തും അകലേയും അറിയപ്പെടുന്ന പറക്കോട്ട്

കാവിൽ വേല അരങ്ങേറുന്നത് ഇവിടെയാണ്. വ്യഴാഴ്ചതോറും ആയിരക്കണക്കിൽ ഭക്തജനങ്ങൾക്ക് അന്നദാനം (പ്രസാദ ഊട്ട്) നടത്തുന്ന ദക്ഷിണ ഷിർദ്ദി. ശ്രീ സായിബാബ മന്ദിരവും ഇവിടെ തന്നെയാണ്. പത്തുകൊല്ലം മുമ്പ് പാകിയ ഈ മന്ദിരം ഇന്ന് പടർന്നു പന്തലിച്ച് ഒരു മഹാ വൃക്ഷമായി വളരുകയാണ്. വ്യഴാഴ്ചകളിൽ തൃശ്ശൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ സ്ഥലങ്ങളിൽ നിന്ന് എത്തുന്നവർ മാത്രമല്ല അയൽനാടുകളായ തമിഴ്നാട്, കർണ്ണാടക മുതലായ സ്ഥലങ്ങളിൽ നിന്നും എത്തുന്ന ജനസഹസ്രം നിത്യപൂജകൾക്കുപുറമെ സായി സഹസ്രനാമം, ഭജന, മഹാ അഭിഷേകം, അലങ്കാരപൂജ, ഷിർദ്ദി **'ആരതി'** മുതലായ ചടങ്ങുകൾ നേരിൽകണ്ടാനന്ദിക്കുവാൻ സൗകര്യമുള്ള വിശാലമായ ഹാൾ. പങ്കെടുക്കുന്നവർക്കെല്ലാം ഭക്ഷണത്തിന്നും വിശ്രമത്തിന്നും വേണ്ട സൗകര്യങ്ങൾ എല്ലാം മറന്ന് വില്വമലയുടെ മടിയിൽ വിശ്രമിക്കാവുന്ന ആനന്ദപ്രദമായ അന്തരീക്ഷം. ഇതാണ് ദക്ഷിണ ഷിർദ്ദി സായിബാബ മന്ദിരം.

ഈ ക്ഷേത്രത്തിന്റെ മുറ്റം പൂത്തുലഞ്ഞു നിൽക്കുന്ന ചെടികൾകൊണ്ട് കമനീയമാക്കിയിരിക്കുന്നു. വ്യാളീമുഖം വെച്ചു തീർത്ത പ്രവേശന കവാടം ജീവൻകൊടുത്തു മിഴിവേകിയ ദ്വാരപാലകന്മാർ തമിഴ് ക്ഷേത്രമാതൃകയിൽ അലങ്കരിച്ച മുഖപ്പ്. മുഖപ്പിൽ ആരും കണ്ണുമിഴിച്ചു നിന്നുപോകുന്ന സായിബാബയുടെ പലനിലകളും വ്യക്തമാക്കുന്ന പ്രതിമകൾ ക്ഷേത്രത്തിനകം മാർബിൾ വിരിച്ച നിലം. നാലുപാടും ക്ഷേത്രത്തിനതിരിട്ട് ഗ്രില്ല് വെച്ച മതിൽ അടക്കവും ഒതുക്കവും ഒത്ത ഒരു സുന്ദരദൃശ്യം.

ചുരുക്കത്തിൽ ആരാധകരെ ഭൗതികമായും ആത്മീയമായും ആനന്ദിപ്പിക്കുന്ന ശ്രീ സായിബാബയുടെ അപദാനങ്ങൾ വർണ്ണിച്ചും കേട്ടും ഭക്തിഭരിതരാക്കുന്നു. ശനാഥനമായ അന്തരീക്ഷത്തിലിരുന്ന് ധ്യാനം ചെയ്യുന്നു. ശ്രീ സായിബാബയുടെ അനുഗ്രഹംനേടി സംതൃപ്തിയോടെ തൊഴുത് മടങ്ങുന്നു.

ഈ ക്ഷേത്രത്തിന് ഉചിതമായ ഇന്നത്തെ ചടങ്ങുകൾ

എല്ലാം തന്നെ കൂടുതൽ ആഡംബരപൂർണ്ണമായി തടസ്സംകൂടാതെ തുടരുവാൻ ഭക്തജനങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടാകുവാൻ ശ്രീ സായിബാബ അനുഗ്രഹിക്കട്ടെ....



കൈലാസത്തിന്റെ ഒരു സാറ്റലൈറ്റ് ചിത്രം

ഓം സായി ശ്രീ സായി ജയ ജയ സായി

# ശ്രീ സായിനാഥ് സ്തവന മഞ്ജരി

ഓം ശ്രീ സായിനാഥായ നമഃ

ശ്രീ സായിബാബയുടെ നാമം ജനകീയമാക്കുന്നതിന് സ്തുത്യർഹമായ പങ്കാണ് ദാസ്ഗനുമാഹാരാജ് വഹിച്ചിട്ടുള്ളത്. ഹരികഥാ പ്രസംഗനായിരുന്ന ദാസ്ഗനു ഭഗവൽ ലീലകൾ പ്രതിപാദിക്കുന്നത് കേട്ട് എത്രയോ പേർ ഷിർദ്ദിയിൽ വന്നിട്ടുണ്ട്. മറാത്തി സാഹിത്യത്തിനും ബാബയെ സുപരിചിതമാക്കുന്ന ആദ്യകാല കൃതികളും ദാസ് ഗനുവിന്റെതാണ്. ബാബയെപ്പറ്റി നിരവധി കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സായി സച്ചരിതത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "...ശകവർഷം 1800-ാം മാണ്ടിൽ ദാസ്ഗനുവിന്റെ സേവനങ്ങളെ സ്വീകരിക്കപ്പെട്ടു. അദ്ദേഹം എഴുതിയ നാലു പുസ്തകങ്ങളാണ് ഭക്തവിജയം, സന്തവിജയം, ഭക്ത ലീലാമൃത്, സന്തകഥാമൃത് എന്നിവ. ഇവയിൽ ആധുനിക ഋഷിമാരുടെ ജീവചരിത്രങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഭക്തലീലാമൃതിന്റെ 31,32,33 അധ്യായങ്ങളിലും സന്തകഥാമൃതിന്റെ 57-ാം അദ്ധ്യായത്തിലും സായിബാബയുടെ മാധുര്യമാർന്ന ജീവിതരീതിയും സന്ദേശങ്ങളും വിശദമായി പ്രതിപാദിച്ചുണ്ട്. ഇവ സായിലീലാ മാസികയിൽ 17-ാം വാള്യം 11, 12 പതിപ്പുകളിൽ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഭഗവാൻ ബാബയുടെ അത്ഭുത സിദ്ധികൾ നേരിട്ട് അനുഭവിച്ച് ആസ്വദിക്കാൻ കഴിഞ്ഞ സൗഭാഗ്യവാൻമാരിലൊരാളാണ് ദാസ്ഗനു മഹാരാജ്. "ഗംഗായമുനാ സംഗമ സ്ഥാനമായ പ്രയാഗിലെ സ്നാനം വളരെ പുണ്യവത്താണെന്നതിനാൽ...ദാസ്ഗനുവിനും പ്രയാഗ സ്നാനത്തിനു പോകണമെന്നുതോന്നി. ബാബയോട് അനുമതി ചോദിക്കാൻ വന്നു. ബാബ ഇപ്രകാരം മറുപടി പറഞ്ഞു; "അത്ര ദൂരെക്കൊന്നും പോകേണ്ടതില്ല. നമ്മുടെ പ്രയാഗ് ഇവിടെ തന്നെയാണ്. എന്നെ വിശ്വസിക്കുക"

അപ്പോൾ കണ്ട അതിശയം അവർണ്ണനീയമായിരുന്നു. ദാസ്ഗനു ബാബയുടെ പാദത്തിൽ തല വെച്ചപ്പോൾ ബാബയുടെ രണ്ടു കാലിന്റെയും തള്ളവിരലുകളിൽ നിന്ന് ശക്തിയായി ഗംഗായമുനാ തീർത്ഥങ്ങൾ ഒഴുകാൻ തുടങ്ങി. ഈ ലീല കണ്ട് ദാസ്ഗനു ഭക്തി പരവശനായി കണ്ണുനീരൊഴുക്കി. അയാൾക്ക് ആന്തരീക പ്രചോദനം വന്നു. ഒരു മധുര സംഗീതം വഴി ബാബയെ സ്തുതിച്ചു. (ശ്രീ സായി സത്ചരിതം നാലാം അദ്ധ്യായം.)

ദാസ്ഗനു രചിച്ച 'ശ്രീ സായിനാഥ് സ്തവൻ മഞ്ജരി' എന്ന സ്തോത്രകൃതി ഒരു ഭക്ത രക്ഷാകവചമായാണ് കണക്കാക്കപ്പെടുന്നത്. ശ്രീ സായിനാഥ് സ്തോത്ര മഞ്ജരി ജപിക്കുന്നവർക്കും വായിക്കുന്നവർക്കും ദാരിദ്രമോചനം, രോഗശാന്തി, കാര്യവിജയം, സൗഭാഗ്യം എന്നിവയുണ്ടാകുമെന്നാണ് വിശ്വാസം. പുണ്യഗ്രന്ഥമായി ഗൃഹങ്ങളിൽ സൂക്ഷിച്ചുപോരുന്നതാണിത്.

'സ്തവൻ മഞ്ജരി' സായിബാബയുടെ മഹാസമാധിക്കും 37 ദിവസങ്ങൾക്ക് മുമ്പ് രചന പൂർത്തിയാക്കിയ രചനയത്രെ. ശകാബ്ദം 1840ൽ ഗണേശ ചതുർത്ഥിയിൽ തിങ്കളാഴ്ച രാവിലെ ഉദയാനന്തരം മൂന്നുമണിക്കൂർ കഴിഞ്ഞാണ് കൃതിരചന പൂർത്തിയാവുന്നത്. ഇൻഡോറിൽ, നർമ്മദാതീരത്തുള്ള മഹേശ്വര ക്ഷേത്രത്തിനടുത്തായി അഹല്യാസമാധിയുണ്ട്. വിഖ്യാതമായ തീർത്ഥസ്ഥാനത്ത് ഭദ്രപാദമാസത്തിലെ തിങ്കളാഴ്ച രണ്ടാം പ്രഹാരത്തിലാണ് രചന പൂർണ്ണമാകുന്നതെന്ന് ഗ്രന്ഥകാരൻ തന്നെ വ്യക്തമാക്കുന്നു.

ഫലശ്രുതിയും സ്തോത്രമഞ്രിയിൽ തന്നെയുണ്ട്. സായിബാബയുടെ അനുസരണയുള്ള ദാസൻ എന്ന ബഹുമതിയും ദാസ്ഗനുവിനോടു മണവാളന്റെ വേഷമഴിക്കാൻ ബാബ ആജ്ഞാപിക്കുന്നു. ആഡംബരവേഷം അഴിച്ചുവെച്ച് സാധാരണ വേഷത്തിൽ ഹരികഥാ പ്രസംഗത്തിനായി തിരിക്കുന്ന ദാസ്ഗനു ഗുരുവിന്റെ ആജ്ഞ ചോദ്യം ചോയ്യാതെ അനുസരിക്കുകയാണ്. "ശ്രീ സായിനാഥ് സ്തവൻ മഞ്ജരി- സായിനാഥനുള്ള

വിനീതോപാഹരമായുള്ള സ്തുതി" എന്ന പേരിലുള്ള മറാത്തി കവിത ഇംഗ്ലീഷിൽ ഗദ്യത്തിൽ വിവർത്തനം ചെയ്തതിന്റെ മലയാള പരിഭാഷയാണിത്. മൂലകൃതിയുടെ താളമോ അർത്ഥമോ ഒന്നും പൂർണ്ണമായും പരിഭാഷകളിലുണ്ടാവുകയില്ല. പക്ഷേ, ഒരു പുണ്യഗ്രന്ഥമെന്ന നിലയിൽ, അതിന്റെ ആശയം മനസ്സിലാക്കാൻ ഇത് ഉപകരിക്കും.

# ഓം ശ്രീ സായിനാഥായ നമഃ

## ശ്രീ സായിനാഥ് സ്തവൻ മഞ്ജരി

1. ശ്രീ ഗണേശാ സാഷ്ടാംഗ പ്രണാമം.
ഹേ, മയൂരേശ്വര, അവിടുന്നു ഞങ്ങൾക്ക്
ആശ്രയമേകുന്നവനാകുന്നു.
ഹേ, ഗൗരീപുത്രാ, സർവജ്ഞാ
അങ്ങ് സങ്കല്പാതീതനാണ്.
മഹോദരനായ ശ്രീഗണപതേ, രക്ഷിച്ചാലും.

2. സർവ്വഗണങ്ങളിലും സർവ്വദേവതകളിലും
അധിദീയനും മുഖ്യനുമായതിനാൽ
അങ്ങയെ, 'ഗണേശൻ' എന്നു സംബോധന ചെയ്യുന്നു.
സർവ്വശാസ്ത്രങ്ങൾക്കും (പുണ്യഗ്രന്ഥങ്ങൾക്കും)
സമ്മതനായ ഹേ, ബാലചന്ദ്രാ
അങ്ങ് പൂജനീയനായി അനുമോദിക്കപ്പെടുന്നു.

3. വാഗ്ദേവതയായ ഹേ, ശാരദേ
അങ്ങ് നാദലയങ്ങളുടെ അധിഷ്ഠാത്രിയാണ്.
അങ്ങയുടെ അസ്തിത്വം കാരണമത്രെ
വ്യാവാഹാരികലോകം പ്രവർത്തിക്കപ്പെടുന്നത്.

4. കലാഗോവിന്ദന്മാർക്ക് ആദരണീയ ദേവിയായ അങ്ങ്,
ഈ ദേശത്തിന്റെ അഭിമാനമായ സനാതനത്വമാണ്.
അവിടുന്നിന്റെ അനന്തശക്തി പ്രഭാവം
സർവ്വത്ര വ്യാപിച്ചിരിക്കുന്നു.
ജഗദംബേ, ഞാനങ്ങയെ വന്ദിക്കുന്നു.

5. പരമാത്മനും യോഗികൾക്ക് പ്രിയംകരനുമായ അങ്ങ്
മനുഷ്യാകാരം പൂണ്ട പണ്ഡരീരായനാണ്. ദയാസാഗരവും
അപാര കാരുണ്യവാനുമായ അങ്ങ്
പാണ്ഡുരംഗ നരഹരിയത്രെ!

6. ചരടിൽ കെട്ടി പാവകളി നടത്തുംപോലെ ലോകം
നിയന്ത്രിക്കുന്ന അവിടുന്നു സർവ്വവ്യാപിയാണ്.
സർവ്വ ശാസ്ത്രങ്ങളും പുണ്യഗ്രന്ഥങ്ങളും
അങ്ങയുടെ പ്രകൃതിയുടെ യഥാർത്ഥസത്ത
ഇപ്പോഴും തേടിക്കൊണ്ടിരിക്കുകയാണ്.

7. പാണ്ഡിത്യഗർവ്വിന്, ഹേ, ചക്രപാണി അങ്ങയെ
വ്യക്തമായറിയാനാവുകയില്ല. ബുദ്ധിവിഹീനന്മാർ
തർക്കവിതർക്കങ്ങളും വാക്ജാലങ്ങളിലും പെട്ടുഴലുകയാണ്.

8. യോഗികൾക്ക് മാത്രം മനസ്സിലാക്കാൻ കഴിയുന്ന
അവിടുന്നു, അന്യർക്ക് ദുർഗ്രാഹ്യനാണ്.
അങ്ങയെ ഞാൻ പൂജിക്കുന്നു.
ബഹുമാനാദരങ്ങളോടെ അങ്ങയുടെ തിരുമുമ്പിൽ
ഞാൻ അഷ്ടാംഗപ്രണാമം ചെയ്യുന്നു.

9. അല്ലയോ, പഞ്ചമുഖനായ ശങ്കരാ,
കപാലം മാലയാക്കി ധരിക്കുന്നവനേ,
അങ്ങ് ദിക്കാകുന്ന വസ്ത്രത്തോടുകൂടിയ
നീലകണ്ഠനാകുന്നു.
ജീവജാലങ്ങളെ സംസാര സാഗരത്തിൽ നിന്നും
രക്ഷിക്കുന്ന (പശുപതിയായ) ബ്രഹ്മരൂപാ!

10. എല്ലാഴ്പ്പോഴും ആരാണോ അങ്ങയുടെ തിരുനാമം
ജപിച്ചുകൊണ്ടിരിക്കുന്നത്, അവരുടെ പ്രാപഞ്ചിക
ദുരിതങ്ങളെല്ലാം ഞൊടിയിടയിൽ നീങ്ങിപ്പോകുന്നു.
ഹേ ജടാധാരിയായ ശിവശങ്കരാ,
അങ്ങയുടെ നാമത്തിന്റെ ശക്തി അപ്രമേയമാണ്.

11. അങ്ങയുടെ തൃപ്പാദത്തിൽ നമസ്കരിച്ചുകൊണ്ട്, ഈ
വിജയഗാഥയായ സ്തോത്രം രചിക്കാനാരം
ഭിക്കുന്നു: ഈ സ്തോത്രത്തിന്റെ ശുഭസമാപ്തിക്കായി
എല്ലായ്പ്പോഴും എനിക്ക് സഹായമേകിയാലും.

അല്ലയോ കഴുത്തിൽ വിഷം ധരിച്ചവനേ! നീലകണ്ഠാ!

12. അത്രീ പുത്രനായ ദത്താത്രേയൻ, ഇന്ദിരയുടെ കുടുംബദേവനായ വിഷ്ണു എന്നിവരെ വന്ദിക്കാനനുവദിച്ചാലും. തുക്കാറാം തുടങ്ങിയ സന്യാസിമാരെയും എല്ലാ ഭക്തന്മാരെയും ഞാനിപ്പോൾ വന്ദിക്കുന്നു.

13. ജയ് സായിനാഥാ, അങ്ങേക്ക് അഭിവാദ്യം. പാപമോചകനായ ഹേ, കൃപാനിധേ, ഞാൻ അങ്ങയുടെ തൃപ്പാദങ്ങളിൽ നമ്രശിരസ്ക്കനായി സ്പർശിക്കുന്നു.
അങ്ങെന്നെ സംരക്ഷിച്ചാലും.

14. അവിടുന്ന് പൂർണ്ണപ്രപഞ്ചവും പരമാനന്ദത്തിന്റെ ആവാസസ്ഥാനവുമാണ്. അങ്ങ്, സ്വയം വിഷ്ണുവാണ്. മനുഷ്യർക്കിടയിൽ ജിതേന്ദ്രിയനുമാണ്. കാമദേവന്റെ ശത്രുവായ, ഉമയുടെ വല്ലഭനായവനാരാണോ അത് അങ്ങാണ്. (ശിവൻ)

15. അങ്ങ് ദൈവം മനുഷ്യാവതാരമെടുത്തതാണ്! ജ്ഞാനാകാശത്തിലെ സൂര്യദേവനും അങ്ങാണ്. അങ്ങ് ദയാസാഗരമാണ്, ലൗകികവ്യാധികൾക്കുള്ള വിഷസംഹാരിയാണ്.

16. ദരിദ്രർക്കും പതിതർക്കും അഭീഷ്ടദായകമായ ദിവ്യരത്നം - ചിന്താമണിയാണ്. ഭക്തന്മാർക്ക് ദിവ്യമായ വിപുലീകരണം നൽകുന്ന ഗംഗാനദിയാണ്. സംസാരത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്നവർക്ക് അങ്ങ് ചങ്ങാടമാണ്. ഭീഥിതർക്ക് അങ്ങ് അഭയസ്ഥാനമാണ്.

17. ഈ സൃഷ്ടിയുടെ മൂലകാരണമാണ് അവിടുന്ന്, ശുദ്ധചൈതന്യമേതോ അത്. അതേ തത്ത്വമസി. അത്യന്തമായ കരുണാനിധി! ഈ ജഗദ് അങ്ങയുടെ ലീലകളിലൊന്നുമാത്രം.

18. അങ്ങക്ക് ജനനമില്ല.
മരണംകൂടി അങ്ങയെ ബാധിക്കുന്നില്ല.
അങ്ങയുടെ സവിധത്തിലെത്തുന്നവരുടെ
അഗാധമായ അന്വേഷത്തിനൊടുവിൽ
ഈ അത്യന്തിക നിഗമനത്തിലെത്തിച്ചേരും.

19. ജനനമരണമെന്ന ധാരണ അജ്ഞാനത്തിൽ
നിന്നുമുണ്ടാകുന്നതാണ്. തീർച്ചയായും
ജനനമരണമുക്തനാണ് അങ്ങ്.

20. ഒരു ചാലിൽ വെള്ളം പ്രത്യക്ഷപ്പെട്ടാൽ, അതിന്റെ
സ്രോതസ്സ് അവിടെതന്നെയാണെന്ന്
കരുതുമോ? നേരത്തെ തന്നെ
നിലനിൽക്കുന്നുവെങ്കിൽ, ഭൂമിക്കടിയിൽനിന്നും,
ശക്തമായ പ്രവാഹമുണ്ടാകേണ്ടതല്ലേ?

21. വെള്ളം ഒരു ചാലിലൂടെ ഒഴുകുമ്പോൾ,
അത് വർണ്ണിക്കപ്പെടുകയും
നാമകരണം ചെയ്യപ്പെടുകയും ചെയ്യും. ഒരു അരുവി
അതിന്റെ തനത് നാമം സിദ്ധിക്കും. വെള്ളമില്ലെങ്കിൽ
അതൊരു ചാലുമാത്രമായിരിക്കും.

22. അരുവിയുണ്ടാവുന്നതും വരണ്ടുപോകുന്നതും
അപ്രത്യക്ഷമായിപ്പോകുന്നതും ജലത്തിന്റെ പ്രകൃതമല്ല.
കാരണം അരുവിയിലെ വെള്ളം അത് നിറഞ്ഞ
ചാലിന്റെ പ്രാധാന്യമനുസരിച്ചല്ല.

23. വെള്ളം നിറഞ്ഞ് ചാലുകൾ അരുവികളാകുമ്പോൾ
മദിച്ചൊഴുകുന്നതുപോലെ വെള്ളം വറ്റി വരളുമ്പോൾ
വെറും ചാലുകളാകുകയും ചെയ്യും.

24. മനുഷ്യാകാരവും നദിക്കരയിലെ ചാലുകൾ പോലയാണ്.
അരുവിയിലെ ശുദ്ധജലം പോലെയാണ് ആത്മാവും.
(പവിത്രമായ ശക്തി). ഇതേപോലെ അസംഖ്യം ചാലുകൾ
ഉണ്ടാവുമെങ്കിലും ഇതേപോലെ സത്ത എല്ലാറ്റിലും

ഒരേപോലെയാണ്.

25. ആയതിനാൽ, ആരംഭമില്ലാത്തവനാരോ
ആ അവിടുത്തോട് ഞാൻ പറയുന്നു.
കരുണാമയാ, ഇന്ദ്രന്റെ വജ്രായുധമേന്തികൊണ്ട്,
ദയവായി, അജ്ഞാന പർവ്വതത്തെ നശിപ്പിക്കൂ.

26. ഇതേവരെയായി, ഇതേപോലെ ചാലുകൾ
(ജീവികൾ) അസംഖ്യം ഭൂമിയിലുണ്ടായി. ഇപ്പോഴും എത്രയോ
നിലനിൽക്കുന്നു. ഭാവിയിൽ, കാലം മുന്നോട്ടു
പോകുമ്പോൾ അനവധി വന്നുകൊണ്ടിരിക്കും.

27. ഓരോ അത്തരം ചാലുകൾക്കും (ജീവികൾക്കും)
വ്യത്യസ്തവും വൈവിധ്യമാർന്നതുമായ നാമവും
രൂപവുമുണ്ടാകുന്നു. അങ്ങിനെ, ഈ ലോകത്തിൽ,
തിരിച്ചറിയപ്പെടുന്നു.

28. ആ ആത്മചൈതന്യത്തെ, 'ഞാനും നീയും' എന്ന സംജ്ഞയി
ലൂടെ വിവേചിക്കുന്നത് യുക്തമല്ല. അത്കൊണ്ട് അവിടെ
ദ്വൈതമില്ല. അത് സ്വയം തന്നെ നിശ്ചയമായും ആത്മാവാണ്.

29. ആരംഭം മുതൽ, ആത്മാവ് പ്രപഞ്ചമാകെ വലയം
ചെയ്തിരിക്കുകയാണ്. പിന്നെ എങ്ങിനെ 'നീയും ഞാനു'മെന്ന
ദ്വൈതസങ്കൽപം അംഗീകരിക്കാൻ കഴിയും?

30. മേഘത്തിൽ നിന്നും വർഷിക്കുന്ന ജലം എല്ലാം
ഒരേ പോലെയാണ്. എന്നാൽ, അതെപ്പോൾ ഭൂമിയിൽ
പതിക്കപ്പെടുന്നുവോ അത് വ്യത്യസ്തരൂപങ്ങൾ സ്വീകരിക്കുന്നു.
(അരുവി, നദി, തോട്, വെള്ളച്ചാട്ടം എന്നിങ്ങനെ പലരൂപങ്ങൾ)

31. ഗോദാവരീതടത്തിൽ വീഴുന്ന ജലം
ഗോദാവരി നദിയുടെ പരിപാവനത കൈവരിക്കുന്നു.
എന്നാൽ കിണറുകളിലും മറ്റും പെയ്യുന്ന മഴവെള്ളം
ഇതേ മൂല്യവും അന്തസ്സും കല്പിക്കപ്പെടുന്നില്ല.

32. ഋഷിമാർ ഗോദാവരി നദിയെപ്പോലെയാണ്. അവിടുന്നു അതിലെ തീർത്ഥജലമാണ്. ഞങ്ങൾ ചളിക്കെട്ടുകളും കിണറുകളും തടാകങ്ങളുമാണ്. അതാണ് നമുക്കിടയിലുള്ള വ്യത്യസ്തത.

33. നമ്മുടെ ജീവിതത്തിന്റെ പൂർണ്ണതക്കായി, നാം അങ്ങയെ ശരണാഗതി പ്രാപിക്കണം. നാം എപ്പോഴും കൈകൂപ്പിക്കൊണ്ട് നിൽക്കണം - കാരണം അവിടുന്നു മതതത്വങ്ങളുടെയും ഭക്തിയുടെയും ആകാരമാണ്.

34. നദീതടത്തിന്റെ സവിശേഷതയാലാണ് ഗോദാവരിയിലെ ജലം പവിത്രീകരിക്കപ്പെട്ടത് വെറും ജലമായി കരുതുകയാണെങ്കിൽ, അതെല്ലായിടത്തുമുണ്ട്.

35. ഗോദാവരിതടം യഥാർത്ഥത്തിൽ പരിപാവനമായി പരിഗണിക്കപ്പെടുന്നു. അതിന്റെ പൂജനീയതക്ക് ജലം ഒഴുകിപ്പോകുന്ന ഭൂമിയുടെ ഗുണവിശേഷം കാരണമാണ്.

36. മേഘങ്ങളിൽ നിന്നും വർഷിക്കുന്ന ജലം അത് പതിക്കുന്ന തെവിടെയോ, ഭൂമിയുടെ ഭാഗം മാറ്റുന്നില്ല. ആ ഭൂവിഭാഗത്തെ ജ്ഞാനികളും പുണ്യഗ്രന്ഥങ്ങളും (വിശുദ്ധ) ഗോദാവരിയെന്ന് വിളിക്കുന്നു.

37. എവിടെയാണോ ജലം പതിക്കുന്നത് അവിടങ്ങളിലെ മണ്ണിന്റെ ഗുണം അത് സ്വീകരിക്കുന്നു. ജലം വീഴുന്ന സ്ഥാനത്തിന്നനു സരിച്ച് അഴുക്കുവെള്ളമായും ചവർപ്പും ഉപ്പും എല്ലാം ഉണ്ടാവുന്ന -മൗലികമായ മാധുര്യമാണ് വെള്ളത്തിനുള്ളതെങ്കിലും

38. ഗുരുരാജാ! സമാനമായ ഉദാഹരണമാണ് അങ്ങും. കാമക്രോ ധാ ദികളായ ഷഡ് ദോഷങ്ങൾ ഉറച്ച് അശുദ്ധിയില്ലാതി രിക്കുന്ന താരോ ആ പുണ്യ രൂപത്തിന് 'യോഗി' എന്ന നാമം അനുയോജ്യമാകുന്നു.

39. അതുകൊണ്ട്, യോഗികൾ ഗോദാവരികളാണ്. പൂർണ്ണമായും

അനുഗ്രഹീതരായവർ. എല്ലാ ജീവജാലങ്ങൾക്കുമിടയിൽ അങ്ങയുടെ സ്ഥാനം ഏറ്റവും ഉയർന്നതാണ്.

40. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ഗോദാവരി നിലനിന്നു പോരുന്നുണ്ട്. എല്ലായ്പ്പോഴും ജലം സുലഭമായുണ്ടാകും. ഇന്നുവരെ അതിന് ഒരു ക്ഷാമവുമുണ്ടായിട്ടില്ല.

41. രാവണ ശത്രുവായ (ശ്രീരാമൻ) ഗോദാവരി തീരത്തു വന്നിരുന്നു. അതിനുശേഷം എത്രയോ ജലം നദിയിലൂടെ ഒഴുകിയിട്ടുണ്ട്. ഇപ്പോഴത്തെ ജലം പഴയ അതേ ജലമല്ല തന്നെ.

42. നദീതടം മാത്രം അതേപോലെ അവശേഷിക്കുന്നു. ജലം സമുദ്രത്തിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അനശ്വരമായ നദീതടത്തിന്റെ പുണ്യപവിത്രത ഈ ദിവസം വരെയുണ്ട്.

43. ഓരോ വർഷവും പഴയ ജലം ഒഴുകിപ്പോകുന്നു. പുതിയ ജലം നദീതടത്തിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു. ഇതാണ് നിയമം, അങ്ങേക്കറിയുന്നതാണല്ലോ?

44. നൂറ്റാണ്ടുകൾ ഒരു വർഷംപോലെയാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ യോഗികൾ ജല പ്രവാഹംപോലെയാണ്. ജലോപരിതലത്തിലെ തരംഗങ്ങൾ പോലെയാണ് മഹാത്മാക്കൾ.

45. യോഗീവര്യന്മാർ ഗോദാവരിപോലെയാണ്. ആദിമശതകങ്ങളിൽ ഒരു വൻ പ്രളയമായി സനത്-സനക-സനന്ദന്മാരുണ്ടായി.

46. തുടർന്നു നാരദൻ, തുംബുരൻ, ധ്രുവൻ, പ്രഹ്ളാദൻ, ശക്തനായ രാജാവ് ബലി, ശബരി, അംഗദൻ, ഹനുമാൻ, വിദുരൻ, ഗോപന്മാർ, ഗോപികമാർ എന്നിവരുണ്ടായി.

47. ഇന്നുവരെ എത്രയോ മഹാത്മാക്കൾ വന്നു. കഴിഞ്ഞ ഓരോ നൂറ്റാണ്ടുകളിൽ ഈ പ്രളയം ആവർത്തിക്കപ്പെട്ടു. എണ്ണിത്തിട്ടപ്പെടുത്താൻ ഞാൻ അശക്തനാണ്.

48. ഈ ആധുനിക ശതകത്തിൽ, ഈ പുണ്യഭൂമിയിൽ അനിവാര്യമായ ഒരുപ്രളയമുണ്ടായിരിക്കുന്നു. ഹേ, സായിനാഥാ

– അങ്ങയുടെ രൂപത്തിൽ

49. അങ്ങയുടെ ദിവ്യപാദങ്ങളിൽ, ഞാനിതാ സാഷ്ടാംഗം പ്രണമിക്കുന്നു. മഹാരാജ്, തെറ്റുകൾ യതൊരു കലവറയുമില്ലാതെ ക്ഷമിക്കണമെന്നു യാചിക്കുന്നു.

50. ഞാൻ ഒരു ദരിദ്രനും ഭാഗ്യഹീനനും അജ്ഞാനിയുമായ മനുഷ്യനാണ്. പാപികളിൽ വലിയവൻ. ദുർമാർഗ്ഗത്തിൽ നിന്നും മോചിപ്പിക്കണം. എന്നെ യാതൊരു വിധത്തിലും ത്യജിക്കുതേ.

51. ഇരുമ്പിന്റെ സ്ഥായിയായ ദൂഷ്യങ്ങൾ സ്പർശമണി അവഗണിക്കുന്നു. ലണ്ടി, ഓഹോൾ എന്നീ ഗ്രാമങ്ങളിലെ ചെറിയ നീരൊഴുക്കുകൾ ഗോദാവരി പരിത്യജിക്കുന്നില്ല.

52. ഞാൻ പൂർണ്ണമായും ദുരാചാരിയാണെങ്കിലും അങ്ങയുടെ കൃപാകടാക്ഷത്തിന്റെ ഫലമായി അതെല്ലാം അതിവേഗത്തിൽ നശിപ്പിക്കണമെന്നാണ്, ഈ ദാസന്റെ ഏകമായ അഭ്യർത്ഥന.

53. സ്പർശമണിയുടെ സംസർഗ്ഗമുണ്ടായതിനുശേഷവും ഇരുമ്പിന്റെ സ്ഥായിയായ ദോഷങ്ങൾക്ക് മാറ്റമുണ്ടായില്ലെങ്കിൽ, ഗുരുവരാ! സ്പർശമണിക്ക് അത് അപകീർത്തികരമായിരിക്കും.

54. ഒരു പാപിയാകാൻ എന്നെ അനുവദിക്കരുത്. അങ്ങൊരിക്കലും ചെറുതാക്കപ്പെടാനിടയാക്കരുത്. നോക്കൂ! അങ്ങ് സ്പർശമണിയാണ്. ഞാൻ ഇരുമ്പാകുന്നു. എന്റെ ഭാഗ്യഹീനത അങ്ങയുടെ ചിന്താവിഷയമാകണം.

55. ഒരു കുട്ടി എല്ലായ്പ്പോഴും കുറ്റം ചെയ്തുവെന്നിരിക്കും. എന്നാൽ ഒരമ്മ അതിനെ നിന്ദിക്കുകയില്ല. ഇത് സ്മരിച്ചുകൊണ്ട്, അങ്ങയുടെ അനുഗ്രഹം എന്നിൽ വർഷിച്ചാലും.

56. അല്ലയോ! സദ്ഗുരു സായിനാഥാ
അങ്ങാണെന്റെ കൽപതരു
സംസാരസാഗരം കടക്കാനുള്ള മാധ്യമമാണ്.
സന്ദേഹരഹിതമായും അങ്ങാണത്.

57. അങ്ങ് *കാമധേനുവാണ്, ചിന്താമണിയാണ്.

അങ്ങ് ജ്ഞാനാകാശത്തിലെ സൂര്യദേവനാണ്.
ധർമ്മത്തിന്റെ മഹാഖനിയാണ്.
സ്വർഗ്ഗത്തിന്റെ മഹാഖനിയാണ്.
സ്വർഗ്ഗത്തിലേക്കുള്ള കോവണിയുമാണ്.

58. സാധുവും പവിത്രനുമായവനേ,
ശാന്തിയുടെയും ആനന്ദത്തിന്റെയും
മൂർത്തീമൽഭാവമായ ഹേ, പരമാത്മൻ,
അദ്വീയനും ജ്ഞാനസാഗരവുമാണ്.

59. പരമജ്ഞാനത്തിന്റെ അവതാരവും മാനവോത്തമനുമായ അങ്ങ് ക്ഷമയുടെ ആവാസ സ്ഥാനവും ശാന്തിയും ഭക്തന്മാർക്ക് അഭയ വുമാണ്. അനുഗ്രഹിച്ചാലും, എന്നെ അനുഗ്രഹിച്ചാലും.

60. സദ്ഗുരു മജീന്ദറും മഹാത്മാ ജലന്ധറും
നിവൃത്തിനാഥും ജ്ഞാനേശ്വറും കബീറും
ഷെയ്ക്ക് മുഹമ്മദും ഏകനാഥും അങ്ങാണ്.

61. അങ്ങ് ബോധലനും സവതമാലിയും യഥാർത്ഥ രാമദാസുമാണ്.
സായിനാഥ് അങ്ങ് തുക്കാറാമും ശക്കയും മാണിക്യപ്രഭുവുമാണ്.

62. അങ്ങയുടെ നൂതനമായ അവതാരവും
വൈവിധ്യമാർന്ന പ്രകൃതവും യഥാർത്ഥത്തിൽ
മനസ്സിലാക്കാൻ വിഷമമാണ്. അങ്ങയുടെ
ജാതിയേയും വംശത്തെയും പറ്റി
അങ്ങാരോടും ഒന്നും വെളിപ്പെടുത്തിയിട്ടില്ല.

63. ചിലർ പറയുന്നു അങ്ങ് മുസ്ലീമാണെന്ന്.
മറ്റു ചിലർക്ക് അങ്ങ് ബ്രാഹ്മണനാണ്.
കൃഷ്ണഭഗവാനെപ്പോലെ അങ്ങും ദുർഗ്രാഹ്യമനാണ്.

64 ശ്രീകൃഷ്ണനെ നോക്കൂ, വ്യത്യസ്തമായ നിരീഷണത്തിലൂടെ
വ്യത്യസ്ത ജനങ്ങൾ വൈവിധ്യമാർന്ന
നാമങ്ങളാണ് വിളിക്കുന്നത്. ചിലർക്ക് യദുഭൂഷണനും

മറ്റുള്ളവർക്ക് വെറും ഇടയനുമാണവിടുന്ന്.

65. യശോദയ്ക്ക് അവിടുന്ന് ഓമനയാണ്.
കംസനാൽ വിളിക്കപ്പെടുന്നത് മഹാകാലനായാണ്.
ഉദ്ധവന് പ്രിയനും അർജ്ജുനന് സർവ്വജ്ഞനുമാണ്.

66. അപ്രകാരം ഹേ ഗുരാവരാ! ഓരോ വ്യക്തിയും തനതായ നിഗമനത്തിലെത്തുന്നു. സ്വയം മാനസിക നിലക്കനുസൃതമായി അവർ നാമകരണം നടത്തുന്നു.

67. മസ്ജിദാണ് അവിടുത്തെ വാസസ്ഥാനം. കാതുകുത്തിയിട്ടില്ല. അങ്ങയുടെ 'ഫത്തേഹ' കാണുമ്പോൾ (നിസ്ക്കാരം ശ്രദ്ധിച്ചാൽ) ഒരു മുസ്ലീം എന്നു വിളിക്കുന്നത് യുകതിസഹ മെന്നുതോന്നാം.

68. അഗ്നിയെ ആരാധിക്കുന്നത് കണക്കിലെടുത്താൽ ഇതേപോലെ അങ്ങയുടെ മറ്റു പല പ്രവൃത്തികളും കാരുണ്യ പ്രഭോ! എന്റെ സ്വന്തം നിഗമനത്തിൽ അങ്ങൊരു ഹിന്ദുവാണ്.

69. ഇത്തരം ബാഹ്യമായ വ്യത്യാസങ്ങളൊക്കെ താർക്കികന്മാർക്ക് മാത്രം താൽപര്യമുള്ള കാര്യമാണ്. ജ്ഞാനാർത്ഥികളായ ഭക്ത ന്മാരെ ഇതൊന്നും അലട്ടുന്നില്ല.

70. അങ്ങ് ബ്രഹ്മം തന്നെയാണ്. ജാതിയോ മതാനുഷ്ഠാനങ്ങളോ അങ്ങയ്ക്ക് പ്രസക്തമല്ല. അങ്ങ് പരമഗുരുവാണ്.
അങ്ങ് ജഗദ്സ്രഷ്ടാവാണ്.

71. അവിടെ ഹിന്ദുക്കളും മുസ്ലീംകളും ശത്രുത്വമുണ്ടായിരുന്നപ്പോൾ, അവർക്കിടയിൽ ഐക്യവും മൈത്രിയും ഉണ്ടാക്കുന്നതിന് മസ്ജിദും അഗ്നി പൂജയും ഒപ്പം നടത്തി അങ്ങ് ആളുകളെ അമ്പരപ്പിച്ചു. അങ്ങയുടെ ലീലകൾ പ്രദർശിപ്പിക്കുകയായിരുന്നു.

72. അങ്ങ് ജാതിക്കും മതത്തിനും അതീതനാണ്. അങ്ങ് ബ്രഹ്മ നാണ്. സത്യത്തിന്റെ സാരാംശമാണ്. തത്വമസിയാണ്. വാസ്ത വത്തിൽ, അങ്ങ് മനുഷ്യധാരണക്ക് അതീതമാണ്.

73. അനുമാനങ്ങളുടെയും വിവാദങ്ങളുടെയും കടിഞ്ഞാണഴിച്ചു വിട്ട്, തർക്കവിതർക്കങ്ങൾ വ്യാപകമാക്കുന്നു. അവിടെ എന്റെ നിസ്സാരവാക്കുകൾ എങ്ങിനെ കണക്കിലെടുക്കപ്പെടും?

74. അങ്ങയെ നിരീക്ഷിച്ചുകൊണ്ടിരിക്കെ, എനിക്ക് മൗനം പാലിക്കാനാവുന്നില്ല. കാരണം അങ്ങയുടെ മഹത്വത്തെ സ്തുതിക്കാൻ വാക്കുകളാൽ അല്ലാതെ മറ്റെന്തുമാർഗ്ഗമാണുള്ളത്.

75. ആയതിനാൽ വാക്കുകൾ മാദ്ധ്യമമാക്കിക്കൊണ്ട്, എന്തുമാത്രം വർണ്ണന സാധിക്കുമോ അത് അങ്ങയുടെ ആശീർവ്വാദം ലഭിക്കാൻ ഞാൻ സമർപ്പിക്കും.

76. യോഗികൾ ദേവന്മാരിലും ഉന്നതന്മാരാണ്. എന്റേതും നിന്റേതുമെന്ന ഭേദബുദ്ധിയില്ലാത്തവരുടെ സാമീപ്യത്തിന് ഇടം കാണുന്നില്ല.

77. ഹിരണ്യകശിപുവും രാവണനും ദൈവദ്വേഷികളായതിനാൽ വധിക്കപ്പെടുകയായിരുന്നു. യോഗിമാർ ഇത്തരം കർമ്മങ്ങളിൽ ഒരിക്കലും ഏർപ്പെടുകയില്ല.

78. ജലന്ധരനെ ഗോപീചന്ദ് ചണ്ടിക്കൂമ്പാരത്തിൽ കുഴിച്ചിട്ടു. എന്നാൽ ആ ഋഷിക്ക് ഈ പ്രവൃത്തിയോട് പകയൊന്നും തോന്നിയില്ല.

79. മറിച്ച് രാജാവ് ഭൗതിക ലോകത്തിൽനിന്നും മോചിതനാക്കപ്പെട്ടു. അമരത്വവുമുണ്ടായി. സന്യാസിമാരുടെ ഈ തരം അസാമാന്യതകൾ വർണ്ണനാതീതമാണ്.

80. യോഗികൾ സൂര്യനാണ്. അവരുടെ അനുഗ്രഹം ഉജ്ജ്വല പ്രകാശമാണ്. യോഗിമാർ ചന്ദ്രനെപ്പോലെ സൗമ്യതയുള്ളവരാണ്. അവരുടെ മൃദുലത ചന്ദ്രപ്രകാശത്തെപ്പോലെ ആഹ്ലാദകാരിയാണ്.

81. യോഗിമാർ കസ്തൂരിയുടെ പരിമളതയാണ്. അവരുടെ അനുഗ്രഹം കസ്തൂരിയുടെ സുഗന്ധംപോലെയാണ്. യോഗിമാർ കരിമ്പിൻ ചാറുപോലെയാണ്. അവരുടെ അനു

ഗ്രഹം മധുരതരമാണ്.

82. യോഗിമാർ നന്മതിന്മകളെ ഒരേ തരത്തിലാണ് നിർവ്വജിക്കുന്നത്. പ്രത്യുത പാപികളോട് അവരുടെ വാത്സല്യം അളവറ്റതാണ്.

83. ഗോദാവരിയിലെ ജലത്തിൽ അഴുക്കുപിടിച്ച വസ്ത്രങ്ങൾ മാത്രമാണ് അലക്കാൻ കൊണ്ടുവരുന്നത്. വൃത്തിയുള്ളവ ഗോദാവരി തീരത്തുനിന്നും അകലെ ട്രങ്കുപ്പെട്ടിയിൽ സൂക്ഷിക്കുന്നു.

84. ട്രങ്കിൽ സൂക്ഷിച്ചവ എപ്പോഴെങ്കിലും ഒരിക്കൽ കൂടുതൽ ശുദ്ധീകരണത്തിനായി ഗോദാവരി തീരത്ത് കൊണ്ടുവന്നു വരാം.

85. ട്രങ്കുപ്പെട്ടി എന്നത് 'അനശ്വരമായ' വാസസ്ഥലമാണ്. അങ്ങ് ഗോദാവരിയാണ്. നദിയുടെ സ്നാനഘട്ടിൽ അചഞ്ചലമായി വിശ്വസിക്കണം. കാമക്രോദാദികളായ ആറു ദോഷങ്ങളും പുരണ്ടതായ വസ്ത്രങ്ങളാണ് എല്ലാ ജീവികളും.

86. അങ്ങയുടെ തൃപ്പാദ ദർശനം ഗോദാവരി സ്നാനംപോലെയാണ്. എന്റെ പാപം കഴുകി കളയൂ. ഓ സമർത്ഥ സായിനാഥ് എന്നെ പവിത്രീകരിക്കൂ.

87. ഞങ്ങൾ സംസാരികളായതിനാൽ മാലിന്യത്തിന്റെ അടുക്കുകൾ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു അതിനാൽ (പവിത്രീകരണ ശക്തിയുള്ള). യോഗികളെ ദർശിക്കാൻ ഞങ്ങൾ "യോഗ്യരത്രെ"

88. ഗോദാവരിയിലെ സമൃദ്ധമായ ജലം വസ്ത്രങ്ങളുടെ ശുദ്ധീകരണത്തിനും സ്നാനഘട്ടം ശുചിയാക്കുന്നതിനുമായിട്ടുള്ളതാണ്. അത് നിർവ്വഹിക്കാതെ, ഉപേക്ഷിക്കുകയാണെങ്കിൽ അത് ഗോദാവരിക്ക് കീർത്തികരമായിരിക്കില്ല.

89. സമൃദ്ധമായ ചില്ലുകളുള്ള, ശീതളിമയും ഛായയുമായുള്ള വൃക്ഷമാണ് അങ്ങ്. (ആദ്ധ്യാത്മികം, ആദി ഭൗതികം, ആദി വൈദികം) എന്നീ ജീവിത ദുഃഖങ്ങളുടെ ചുട്ടുപ്പൊള്ളുന്ന സൂര്യതാപത്തിൽ യാതനയനുഭവിക്കുന്ന യഥാർത്ഥ യാത്രികരാണ്

ഞങ്ങൾ.

90. ഈ കൊടിയ ചൂടിൽനിന്നും കാരുണ്യവാരിധേ, സംരക്ഷണ മേകിയാലും. ഹേ, ഗുരുരാജാ, അങ്ങയുടെ മൃതുതലയാർന്ന അനുഗ്രഹത്തിന്റെ ശീതളച്ഛായ അസാധാരണമെത്രെ.

91. വൃക്ഷചുവട്ടിലിരിക്കവെ, സൂര്യതാപം ഒരാൾക്ക് അനുഭവപ്പെ ടുന്നുവെങ്കിൽ, ആര് ആ വൃക്ഷത്തെ, തണലേകുന്ന മരമെന്നു വിളിക്കും?

92. നോക്കൂ; അങ്ങയുടെ അനുഗ്രഹമില്ലാതെ, ആർക്കും ലോക ത്തിൽ ധർമ്മമുണ്ടാക്കാനാവുകയില്ല. ശേഷശായിയായ ഭഗവാൻ അർജ്ജുനനെ സഖിയാക്കിക്കൊണ്ടു ധർമ്മത്തെ സമുദ്ധരിച്ചു.

93. സുഗ്രീവന്റെ ദാക്ഷിണ്യത്താൽ വിഭീഷണൻ രാജാരാമന്റെ അരി കിൽ സമ്പർക്കമുണ്ടാക്കി. യോഗിമാർ കാരണം ശ്രീഹരിയുടെ മഹത്വം പ്രകടമാക്കുന്നു.

94. ബ്രഹ്മം രൂപരഹിതമായതിനാൽ, വേദങ്ങൾക്കുപോലും നിർവ്വജിക്കാൻ സാദ്ധ്യമല്ല. ഈ നിരാകാരത്തിന്റെ പ്രാധാന്യം സംഗ്രഹിച്ചെടുത്ത രൂപമാണ് യോഗിമാരുടേത്.

95. രുഗ്മണി കാന്തനായ വൈകുണ്ഠപതി ധാമാണ്ടിക്ക്വേണ്ടി "മാഹാറിനെ" ഉണ്ടാക്കി. പോത്തിൻ ശവങ്ങൾ ചുമന്നുകൊണ്ട് ജഗദാത്മാവായ ഭഗവാൻ യാതന അനുഭവിച്ചു.

96. യോഗികളുടെ അസാമാന്യസിദ്ധി അറിയിക്കുന്നതിന് ജഗ്ജീവൻ വെള്ളം ചുമക്കുന്ന ജോലി ചെയ്തു. നിത്യ നിത്യവും ജ്ഞാനവും ആനന്ദവും ആരിലാണോ ഉള്ളത് ആ ദൈവ ത്തിലും ഉയർന്ന സ്ഥാനമാണ് യോഗികൾക്ക് കല്പിക്കപ്പെടു ന്നത്.

97. അമിതമായി സംസാരിക്കേണ്ട ആവശ്യമില്ല. അങ്ങ് ഞങ്ങളുടെ അമ്മയും അച്ഛനുമാണ്. ഓ, സദ്ഗുരു സായിനാഥാ അങ്ങ് ഷിർദ്ദി ഗ്രാമവാസിയാണ്.

98. ബാബ, അവിടുത്തെ ലീലകൾ പൂർണ്ണമായും ആർക്കാണറി യാനാവുക. പിന്നെ എന്റെ പ്രാകൃതഭാഷക്ക് എങ്ങിനെയാണ് അതിനോടു നീതി പുലർത്താനാവും, പറയൂ?

99. പാപികളെ രക്ഷിക്കാനാണ് അങ്ങ് ഷിർദ്ദിയിൽ ആഗതനായത്. മൺവിളക്കുകളിൽ വെള്ളം ഒഴിച്ച് അങ്ങ് അവ ദീപങ്ങളാക്കി ചമച്ചു.

100. അല്പമാത്ര വലിപ്പമുള്ള ഒരു മരപ്പലക (കെട്ടിത്തൂക്കിയിട്ട്). അങ്ങ് ഒരു ശയ്യയാക്കിമാറ്റി. അങ്ങയുടെ വിസ്മയാവഹമായ യോഗശക്തിയും ഭക്തന്മാർക്ക് മുന്നിൽ പ്രദർശിപ്പിക്കപ്പെട്ടു.

101. നിരവധി സ്ത്രീകളുടെ സങ്കടങ്ങൾ അങ്ങ് പൂർണ്ണമായും നീക്കം ചെയ്തു. (സന്താനലാഭം ഉണ്ടാവുകയും). ധാരാളംപേർക്ക് 'ഉധി' നൽകി രോഗത്തിൽനിന്ന് മുക്തരാക്കി.

102. സംസാരദുഃഖം നിർമ്മാർജ്ജനം അങ്ങേയ്ക്ക് അസാധ്യമായ തല്ല. ഒരു ഉറുമ്പിന്റെ ഭാരം ആനയ്ക്ക് ദുസ്സഹമായി ഗണിക്കുന്ന തെങ്ങിനെ?

103. ഗുരുരാജാ, വിനീതനായ ഇവനിൽ കാരുണ്യമുണ്ടാവട്ടെ. ഞാൻ അങ്ങയുടെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നു. എന്നെ പരിത്യജിക്കരുതേ

104. അങ്ങ് രാജാധിരാജനാണ്. കുബേരനേക്കാളും സമ്പന്നനാണ്. അങ്ങ് ആരേക്കാളും വിശിഷ്ടനായ രോഗഹന്താവാണ്. ആരും അങ്ങയേക്കാൾ ഉതോൽകൃഷ്ടനായില്ല.

105. മറ്റു ദേവതമാരെ പൂജുക്കാനുള്ള നിർദ്ദിഷ്ടമായ അനുഷ്ടാന ക്രമങ്ങളുണ്ട്. എന്നാൽ അങ്ങയുടെ ആരാധനയ്ക്ക് അതൊന്നും മൂല്യമുള്ളതല്ല.

106. വീക്ഷിക്കു. സൂര്യപ്രഭയെന്നും പ്രസരിക്കുന്നു. ദീപാവലി ആഘോഷങ്ങൾ ആഗതമായി. അത് ആഘോഷിക്കേണ്ടിയി രിക്കുന്നു. എന്താണിതൊക്കെ അർത്ഥമാക്കപ്പെടുക?

107. സമുദ്രത്തിന്റെ ദാഹം ശമിപ്പിക്കാൻ പര്യാപ്തമായ ജലം ഭൂമിയിൽ കണ്ടെത്താനാവുകയില്ല. ഉദീപ്തമായ അഗ്നിക്ക് എവിടെനിന്നും ചൂടുകണ്ടെത്തും?

108. പൂജയ്ക്ക് ആവശ്യമായ എല്ലാ വസ്തുക്കളും അങ്ങയുടെ സത്തയിൽ തന്നെ പരിപൂരിതമായിട്ടുണ്ട്. ഹേ ശ്രീ സമർത്ഥ ഗുരുരാജാ, ആദിയിൽ തന്നെ അവ അങ്ങയുടെ ഭാഗമാണ്.

109. എന്റെ സംഭാഷണങ്ങളൊക്കെ ദാർശനിക പ്രസ്താവനകളാണ്. എന്നാൽ ആ സത്യം എനിക്ക് അനുഭവേദ്യമാക്കാൻ ആയിട്ടില്ല. അനുഭവരഹിതമായ എന്റെ സംഭാഷണം അർത്ഥരഹിതവും സങ്കീർണ്ണവുമായ വെറും വാക്കുകൾ മാത്രമാണ്.

110. അങ്ങേയ്ക്ക് വിധിപ്രകാരമുള്ള പൂജയാണെങ്കിൽ, എനിക്കത് അനുഷ്ടിക്കണമെന്നുണ്ട്. എന്റെ സമർത്ഥ ഗുരുവരാ! അത് ചെയ്യുന്നതിന് ആവശ്യമായ ധനമില്ല.

111. അധികപക്ഷവും ഞാൻ അങ്ങയെ പൂജിക്കുന്നത് വെറും എന്റെ ഭാവനയുടെ സഹായത്താലാണ്. കൃപാനിധേ, ആ പൂജ അതായി തന്നെ ഈ അടിമയുടെതായി സ്വീകരിച്ചാലും.

112. ഇപ്പോൾ ഞാൻ കണ്ണുനീരാൽ അങ്ങയുടെ തൃപ്പാദം കഴുകുന്നു. യഥാർത്ഥ ഭക്തിയാകുന്ന ചന്ദനം അരച്ചു കാലിൽ പൂശുന്നു.

113. അലങ്കാരവാക്കുകളാൽ നീണ്ടകുപ്പായമായ കഫ്നിയുണ്ടാക്കി ഞാൻ അങ്ങയെ ആത്മാർത്ഥമായി അണിയിക്കുന്നു. ഭക്തിയുടെ ഈ പുഷ്പമാല അങ്ങയുടെ കഴുത്തിലണിയിക്കുന്നു.

114. എന്നിലുള്ള ദുർഗുണങ്ങളുടെ ധൂപക്കൂട്ട് അങ്ങയുടെ മുന്നിൽ ഞാൻ എരിച്ചുകളയുന്നു. അശുദ്ധചേരുവയായിരുന്നിട്ടുകൂടി അതിൽനിന്നും ദുർഗന്ധം വമിക്കുകയുണ്ടായില്ല.

115. സദ്ഗുരുവിന്റെ മുന്നിലല്ലാതെ മറ്റൊരിടത്താണ് ഈ ധൂപക്കൂട്ട് പുകച്ചിരുന്നെങ്കിൽ, ഈ ധൂപക്കൂട്ടിന് സംഭവിച്ചതെന്തോ അതുപോലെയാകുമായിരുന്നോ.

116. ധൂപക്കൂട്ട് അഗ്നിയിൽ എരിഞ്ഞപ്പോൾ, തൽക്ഷണം തന്നെ അതിന്റെ പരിമളത്തെ സ്പർശിക്കപ്പെടുകയും ധൂപക്കൂട്ടിൽ നിന്നും അത് പെട്ടെന്ന് വിട്ടകലുകയും ചെയ്തു.

117. അങ്ങയുടെ മുന്നിൽ, എല്ലാം ഭിന്നമാണ്. അശുദ്ധിയെല്ലാം അഗ്നിയിൽ കത്തിചാമ്പലാകുന്നു. എന്നാൽ നന്മ എല്ലായ്പ്പോഴും അവശേഷിക്കുന്നു. ലോകം അത് കാണാറാകുന്നു.

118. ഒരിക്കൽ മനസ്സിലെ ദുർഗുണങ്ങളൊക്കെ കത്തിചാമ്പലായാൽ, മനസ്സ് പരിശുദ്ധമായിത്തീരും. ഒരിക്കൽ ഗംഗയുടെ അശുദ്ധി നീങ്ങിക്കഴിഞ്ഞാൽ അത് പിന്നീട് സഹജമായ പവിത്രതയുള്ളതാകുന്നു.

119. വിലോഭനീയതയുടെ ദീപം ഞാൻ ജ്വലിപ്പിച്ചാൽ, അതിൽനിന്നും, യഥാർത്ഥത്തിൽ, ആത്മസംയമത്തിന്റെ തിളക്കമുണ്ടാകും. ഹേ, ഗുരുവരാ! ഋഷിത്വം ദാനമായി തന്നാലും.

120. പവിത്രമായ വിശ്വാസത്തിന്റെ സിംഹാസനത്തിൽ അങ്ങ് ആസനസ്ഥനായാലും. ഭക്തിയാകുന്ന നൈവേദ്യം സ്വീകരിച്ചാലും.

121. ഭക്തിയുടെ നൈവേദ്യം ഭുജിച്ച് അങ്ങ് അതിന്റെ സാരാംശം എനിക്ക് നൽകിയാലും. കാരണം ഞാൻ അങ്ങയുടെ കുഞ്ഞാണ്. അങ്ങയുടെ പാലിന് എനിക്ക് അവകാശമുണ്ട്.

122. എന്റെ മനസ്സ് എന്റെ ദക്ഷിണയായി ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും കർമ്മത്തിന്റെ കീർത്തിയോ അപകീർത്തിയോ എന്നിൽ അവശേഷിക്കുകയില്ല.

123. ഇപ്പോൾ, എത്രയും വിനയത്തോടും ഭക്തിയോടും ഞാൻ അങ്ങയെ അഭിവാദ്യം ചെയ്യുന്നു. ഹേ ദിവ്യനായ സായിനാഥാ, ദയവായി അത് സ്വീകരിച്ചാലും.

## പ്രാർത്ഥനാഷ്ടകം

124. (1) ശാന്തിമാനസദായക, ജ്ഞാനശ്രേഷ്ടാ സായിനാഥാ കരുണാനിധേ അങ്ങ് ദയാസാഗരവും സത്യസ്വരൂപനുമാണ്.

അജ്ഞാനതിമിരാന്തകാ!

125. (2) ജാതിമതാദിതനായ ഋഷ്യവര്യനാണ് അങ്ങ്. ബോധാതീതനും കാരുണ്യസ്വരൂപവുമായ അങ്ങ്, എനിക്ക് രക്ഷയേകി യാലും രക്ഷയേകിയാലും. ഹേ, ഷിർദ്ദി സായിനാഥാ.

126. (3) അങ്ങ് ദൈവീക ജ്ഞാനത്തിന്റെ ആദിത്യനാണ്. വിജ്ഞാന ദാതാവേ, സിദ്ധിപ്രദായകാ, ഭക്തമാനസഹംസമേ, അങ്ങയുടെ തൃച്ചരണങ്ങളിൽ ശരണമേകണമേ!

127. (4) അങ്ങ് ബ്രഹ്മദേവനാണ്, ജഗദ്സ്രഷ്ടാവാണ്. ലോകപാലകനായ വിഷ്ണുവാണ് അവിടുന്ന്. ത്രിലോക സംഹാരകനായ സാക്ഷാൽ രുദ്രനുമാണ് അങ്ങ്.

128. (5) ഭൂമിയിൽ അങ്ങില്ലാത്ത ഇടമില്ല. എവിടെയാണയവിടുന്നില്ലാത്തത്. സർവ്വജ്ഞനായ സായിനാഥാ, അങ്ങ് എല്ലാ ഹൃദയങ്ങളിലും അധിവസിക്കുന്നു.

129. (6) ഞങ്ങളുടെ പാപങ്ങളെല്ലാം മാപ്പാക്കണമെന്ന് ഞാൻ സവിനയം അപേക്ഷിക്കുന്നു. സന്ദേഹത്തിന്റെയും സമ്മോഹത്തിന്റെയും തിരമാലകൾ പൊടുന്നനെ നീക്കിത്തരണമേ.

130. (7) അങ്ങ് പശുവും ഞാൻ പശുക്കുട്ടിയുമാണ്. അങ്ങ് ചന്ദ്രനാണ്. ചന്ദ്രകിരണങ്ങളാൽ ദ്രവീകൃതമാകുന്ന ചന്ദ്രമണിയാണ് അങ്ങ്. ദിവ്യഗംഗയ്ക്ക് സമാനമായ അങ്ങയുടെ തൃച്ചരണങ്ങളിൽ ഈ ദാസൻ ബഹുമാനപുരസ്സരം നമിക്കുന്നു.

131. (8) അങ്ങയുടെ കൈകുമ്പിളിൽ എന്റെ തലചായ്ച്ചു, അനുഗ്രഹത്തിനായി പ്രഭുവിനോട് ചോദിക്കുന്നു. എന്റെ സങ്കടത്തിൽ നിന്നും അസ്വസ്ഥതകളിൽനിന്നും വിമുക്തനാക്കിയാലും. ഈ ഗനു അങ്ങയുടെ ഭൃത്യനാണ്.

132. ഈ പ്രാർത്ഥനാഷ്ടകവുമായി ഞാൻ അങ്ങയ്ക്ക് മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു.എന്റെ പാപങ്ങളും (അയോഗ്യതകളും), ദുരിതങ്ങളും ദാരിദ്രവും ഇല്ലാതാക്കിതരണമേ.

133. അങ്ങ് പശുവും ഞാൻ പശുക്കുട്ടിയുമാണ്. അങ്ങ് അമ്മയും ഞാൻ കുട്ടിയും. പാരുഷ്യമാർന്ന വികാരങ്ങളൊന്നും എന്നിലേക്ക് അടുത്തുവരാൻ ഇടയാക്കരുത്.

134. അങ്ങ് മലയഗിരിയിലെ ചന്ദനമരമാണ്.

ഞാൻ കള്ളിമുൾച്ചെടിയാണ്.

അങ്ങ് ഗോദാവരിയിലെ ജീവദായകമായ തീർത്ഥമാണ്.

ഞാൻ പാപികളിൽ മുമ്പനും.

135. അങ്ങയുടെ 'ദർശന' ലഭ്യമായതിനുശേഷം എന്റെ ദൃഷ്ടമാനസത്തിൽ മാലിന്യങ്ങൾ മാറ്റമില്ലാതെ അവശേഷിക്കുന്നുവെങ്കിൽ, ഗുരുവരാ ആർക്കാണ് അങ്ങയെ ചന്ദനമെന്ന് അഭിസംബോധനം ചെയ്യാനാവുക.

136. കസ്തൂരിയുടെ സാമീപ്യത്താൽ പൊടികൾപോലും വിശേഷഗുണം പ്രാപിക്കുന്നു. പുഷ്പമാല്യം കൊരുക്കുന്ന ചരടിനും പുഷ്പത്തിന്റെ സുഗന്ധമുണ്ടായിരിക്കും.

137. ഇതേപോലെയാണ് മഹാത്മാക്കളും. ആരാണോ അവരുടെ സ്പർശനം സാധിക്കുന്നത്, അവർക്ക് മഹത്വത്തിന്റെ ഒരംശം പകർന്നുകൊടുക്കുക തന്നെ ചെയ്യും.

138. വിഭൂതിയും സിംഹത്തോലും കാളയും ശിവന്റെ പ്രതീകാത്മകമായ ഭാഗങ്ങളായതിനാൽ, ആ വസ്തുക്കളും എല്ലാഭാഗത്തും നിന്നുള്ള പ്രശംസക്ക് പാത്രമായി.

139. യമുനാതീരത്ത് വൃന്ദാവനത്തിൽ ഗോപബാലന്മാർക്ക് വിനോദത്തിനായി വിശ്വപ്രഭു "ദാഹികല" (ഉറിയടി) അവതരിപ്പിച്ചു. അത് വിദ്വാൻമാരാൽ അംഗീകരിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും

140. ഇതേപോലെ ഞാൻ പാപിയാണെങ്കിലും അങ്ങയുടെ സംരക്ഷണയിൻ കീഴിലാണ്. എന്റെ പാപത്തിന്റെ അവസ്ഥയിൽനിന്നും ഹേ ഗുരുവരാ, അങ്ങ് വിമോചിപ്പിക്കുകയില്ലേ?

141. ലൗകികമായോ ആത്മീയമായോ എനിക്ക് തൃപ്തികരമായ വസ്തുക്കളെല്ലാം, ഹേ, ഗുരുരാജാ, അങ്ങ് എനിക്ക് നൽകുമെന്നതിൽ എനിക്ക് സന്ദേഹമില്ല.

142. അങ്ങയുടെ അനുഗ്രഹത്താൽ എനിക്ക് മനോനിയന്ത്രണം സാധിക്കുന്നു. സമുദ്രം മാധുര്യമുള്ളതെങ്കിൽ അതിലെ ജീവികൾ എന്തിന് ഉപ്പുരസത്തെ ഭയക്കണം?

143. സമുദ്രങ്ങൾ മധുരമുള്ളതാക്കാൻ അങ്ങേയ്ക്ക് ശക്തിയുണ്ട്. ആയതിനാൽ ദാസ്ഗനുവിന്റെ ഹർജിയും അങ്ങ് അംഗീകരിച്ചാലും.

144. എനിക്ക് എന്ത് മേന്മകൾ കുറവുണ്ടെങ്കിലും അവയെല്ലാം അങ്ങയുടെത് കൂടിയണ്. അങ്ങ് ആദ്ധ്യാത്മിക ഗുരുക്കന്മാരിൽ സർവ്വശ്രേഷ്ഠനാണ്. അതുകൊണ്ട് വരദാനമേകുന്നതിൽ കുറവു വരുത്തരുതെ

145. ഇപ്പോൾ, ഞാനെന്തിന് ഏറെ സംസാരിക്കുന്നു? അങ്ങ് എന്റെ ഏകാശ്രയമാണ്. അമ്മയുടെ കൈവലയത്തിലുള്ള കുട്ടിക്ക് സ്വാഭാവികമായും ഭയത്തിന്റെ ആവശ്യമില്ല.

146. ആരാണോ ഈ സ്തോത്രം പ്രേമപൂർവ്വം വായിക്കുന്നത് അവരുടെ ആഗ്രഹങ്ങളെല്ലാം, പ്രഭോ! പൂർത്തീകരിച്ചാലും.

147. ഈ സ്തോത്രത്തിന് അങ്ങയുടെ അനുഗ്രഹം ഞാൻ യാചിക്കുന്നു. ദുരിതം അനുഭവിക്കുന്നവർ ആരായാലും ആത്മാർത്ഥമായി ഒരു വർഷം ആലപിച്ചാൽ എല്ലാ ദുരിതങ്ങളും ഇല്ലാതാകും.

148. എല്ലാ വ്രതസ്നാനങ്ങൾക്കുശേഷം ഈ സ്തോത്രംസ്ഥിരമായി ജപിച്ചാൽ ഹൃദയശുദ്ധിയും സദ്‌വികാരങ്ങളുമുണ്ടായിത്തീരം.

149. ഇത് സാധ്യമല്ലെങ്കിൽ, എല്ലാ വ്യാഴാഴ്ചയും സദ്ഗുരുവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഇത് കീർത്തനം ചെയ്യേണ്ടതാണ്.

150. ഇതുപോലും കഴിഞ്ഞില്ലെങ്കിൽ എല്ലാ ഏകാദശിക്കും ഈ സ്തോത്രം വായിച്ചാൽ ഫലസിദ്ധി ഉണ്ടാവും.

151. വിശ്വാസത്തോടെ ആരാണോ ഇത്, ജപിക്കുന്നത്, ഗുരുവിന്റെ

അനുഗ്രഹത്താൽ പരമമായ ആദ്ധ്യാത്മിക പുരോഗതിയുണ്ടായിത്തീരും. ഭൗതികമായ ആഗ്രഹങ്ങളിൽ പൂർണ്ണ തൃപ്തി ഉണ്ടായവർക്ക് എല്ലാ ബന്ധങ്ങളിൽനിന്നും മോചിതരാക്കുന്നതാണ്.

152. ഈ സ്തോത്രം ആവർത്തിച്ച് പാരായണം ചെയ്താൽ മന്ദബുദ്ധിപോലും കുശാഗ്രബുദ്ധിയുള്ളവനായിത്തീരും. യാദൃച്ഛികമായി ഏതെങ്കിലും ഒരാൾ അൽപ്പായുസാണെങ്കിൽ സ്ത്രോത്ര ജപത്തിൻ ഫലമായി നൂറു വർഷത്തിൽ കൂടുതൽ ജീവിക്കാൻ സാധിക്കും.

153. എവിടെ സമ്പത്തിന് ക്ഷാമമുണ്ടോ, അവിടെ സ്ത്രോത്രം വായിക്കുകയാണെങ്കിൽ ധനപതിയായ കുബേരൻ സ്വയം തന്നെ വന്നു താമസിക്കും. ഇത് സത്യമാണ്. അത് സംഭവ്യമായിരിക്കും.

154. സന്താനമില്ലാത്തവർക്ക്, കുട്ടികൾ ജനിക്കും. ഈ സ്തോത്ര ജപത്തിലൂടെ രോഗികൾക്ക് സർവ്വദുരിതങ്ങളും ഇല്ലാതാകും.

155. ഭീതിയും ദുരിതങ്ങളും അപ്രത്യക്ഷമാകും. മാന്യത വർദ്ധിക്കും. ഈ സ്തോത്രത്തിന്റെ നിരന്തര പാരായണത്തിലൂടെ നാശമില്ലാത്ത ബ്രഹ്മത്തെ പ്രാപിക്കാനാകും.

156. ഈ സ്തോത്രത്തെ ആദരിക്കുന്ന വിവേകശാലിക്ക് ഹൃദയത്തിൽ വിശ്വാസമുണ്ടാവും. ഈ സ്തോത്രത്തിന്റെ പ്രഭാവത്താൽ സംശയങ്ങൾക്കോ തെറ്റിദ്ധാരണകൾക്കോ സ്ഥാനമുണ്ടാവുകയില്ല.

157. ഷിർദ്ദിയിലേക്ക് തീർത്ഥയാത്ര ചെയ്യൂ. ബാബയുടെ പാദപത്മങ്ങളിൽ മനസ്സുറപ്പിക്കൂ. ദരിദ്രരുടെയും നിരാശരുടെയും ആവശ്യങ്ങൾ നിവൃത്തിക്കുന്ന ആഗ്രഹസഫലീകരണം ചെയ്യുന്ന കല്പവൃക്ഷമാണ് അങ്ങ്.

158. തന്തിരുവടികളുടെ പ്രചോദനം ഉണ്ടായതിനാൽ എനിക്കുപോലും ഈ സ്തോത്രം എഴുതാൻ സാധിച്ചു. നിസ്സാരനും അജ്ഞനുമായ എന്നെപോലുള്ള ഒരാൾക്ക് എങ്ങനെ ഈ

സ്തോത്രം എഴുതാനായി.

159. 1840 ശകവർഷത്തിൽ, ഭദ്രപാദമാസത്തിലെ ശുക്ല പക്ഷത്തിൽ ഗണോശ ചതുർത്ഥി ദിവസം തിങ്കളാഴ്ച, രണ്ടാം പ്രഹാരത്തിൽ എ.ഡി. 1916 ബാബയുടെ മഹാസമാധിക്ക് 37 ദിവസം മുമ്പ് സൂര്യസ്തമയത്തിന് മൂന്ന് മണിക്കൂറിനുശേഷം.

160. ശ്രീ സായിനാഥനെ സ്തുതിക്കുന്ന ഈ വിനീതോപഹാരം പരി പാവനമായ യമുനയുടെ കരയിലെ അഹല്യദേവിയുടെ സമാ ധിക്കടുത്ത് മഹേശ്വരത്തിൽവെച്ചാണ് ഇത് പൂർത്തിയാക്കിയത്.

161. വിഖ്യാതതീർത്ഥമായ മഹേശ്വരക്കടുത്ത് വെച്ചാണ് ഇത് പൂർണ്ണ മാകുന്നത്. എന്റെ ഹൃദയത്തിൽ ആവസിച്ചു ഇതിലെ ഓരോ വാക്കും ശ്രീ സായിനാഥൻ ഉച്ചരിക്കുകയായിരുന്നു.

162. സർവ്വ സന്യാസിമാരുടെയും യോഗികളുടെയും വിനീത ഭൃത്യ നായ ദാസ്ഗനുവിന്റെ ശിഷ്യനായ ദാമോദരനാണ് ഇതിന്റെ തനി പകർപ്പെടുത്തത്.

163. അങ്ങയോടൊപ്പം ശാന്തിയുണ്ട്. ശ്രീ സായിനാഥനെ സ്തുതി ക്കുന്ന ഈ വിനീതോപഹാരമായി സംസാരസാഗരം താണ്ടാൻ നിങ്ങൾക്ക് സഹായകമാവട്ടെ. ദാസ്ഗനു വിശ്വാസത്തോടും ബഹുമാനത്തോടും ഈ പ്രാർത്ഥന പാണ്ഡുരംഗന് സമർപ്പിക്കുന്നു.

164. ശ്രീ സായി ഹരിഹരനുള്ള ഈ തിരുമുൽക്കാഴ്ച സമർപ്പിക്കാൻ അനുവദിച്ചാലും. പ്രഭോ, ഞങ്ങളെ അനുഗ്രഹിച്ചാലും. ആഗ്ര ഹസഫലീകരണം നൽകുന്ന (പുണ്ഡലികവരദ) ഹരിവിഠല ഞാൻ വീണ്ടും സീതാകാന്തനെ വിളിക്കുന്നു. ജയ ജയരാമാ!
പാർവ്വതീപതേ ഹര ഹര മഹാദേവാ!
ജയ് സദ്ഗുരു സായിനാഥ്. ഞാനിത്
അങ്ങേയ്ക്കായി സമർപ്പിക്കുന്നു.
ഹേ പ്രഭോ! ഞങ്ങളെ അനുഗ്രഹിച്ചാലും.